2023
JULY
26
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## സ്വാശ്രയ മെഡിക്കൽ, ഡെന്റൽ എൻ.ആർ.ഐ. ക്വാട്ട: അപാകത പരിഹരിക്കാം

**തിരുവനന്തപുരം:** കീം 2023 മുഖേന എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്ക് അപേക്ഷ നൽകുകയും സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളജുകളിലെ എൻ.ആർ.ഐ ക്വാട്ട സീറ്റുകളിലേക്ക് പ്രവേശനത്തിന് അർഹത നേടുന്നതിന് അവശ്യമായ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുകയും ചെയ്ത വിദ്യാർഥികളിൽ അപേക്ഷയോടൊപ്പം നൽകിയ എൻ.ആർ.ഐ സർട്ടിഫിക്കറ്റുകളിലെ അപാകതകൾ പരിഹരിക്കുന്നതിന് അവസാനമായി ഒരു അവസരം കൂടി നൽകുന്നു. സമർപ്പിച്ച സർട്ടിഫിക്കറ്റുകളിൽ അപാകതയുള്ള വിദ്യാർഥികൾക്ക് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ വിവിധ രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന ജൂലൈ 28ന് വൈകീട്ട് നാലുരെ നൽകാം. അപാകതകൾ പരിഹരിക്കാത്ത വിദ്യാർഥികളെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്ക് ഓപ്ഷൻ നടപടികൾ ആരംഭിക്കുന്ന സമയം എൻ.ആർ.ഐ കാറ്റഗറിയിലേക്ക് താൽകാലികമായി ഓപ്ഷൻ നൽകാൻ അനുവദിക്കുന്നതും മേൽ തീയതിക്കകം എൻ.ആർ.ഐ കാറ്റഗറിയിലെ അപാകതകൾ പരിഹരിക്കാത്ത പക്ഷം എൻ.ആർ.ഐ സീറ്റുകളിലേക്ക് അലോട്ട്മെന്റിന് പരിഗണിക്കില്ല.എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള അലോട്ട്മെന്റ് ആരംഭിക്കുന്നതിന് മുമ്പുള്ള അവസാന അവസരമാണിതെന്നും എൻ.ആർ.ഐ സർട്ടിഫിക്കറ്റുകളിൽ അപാകതകൾ പരിഹരിക്കുന്നതിന് ഇതിനു ശേഷം സമയം അനുവദിക്കില്ലെന്നും വിദ്യാർഥികൾ ശ്രദ്ധിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 04712525300.

## മാവേലി സ്റ്റോറുകളിൽ സ്റ്റോക്കുണ്ടെന്ന് ഭക്ഷ്യമന്ത്രി



**തിരുവനന്തപുരം:** സംസ്ഥാനത്തെ മാവേലി സ്റ്റോറുകളിൽ ഒന്നോ രണ്ടോ ഒഴികെ എല്ലാ സാധനങ്ങളും സ്റ്റോക്ക് ഉണ്ടെന്നും അടുത്ത ആഴ്ചയോടെ എല്ലാ സാധനങ്ങളും ലഭ്യമാകുമെന്നും ഭക്ഷ്യ, സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ അനിൽ അറിയിച്ചു. ഭക്ഷ്യ മന്ത്രിയുടെ പ്രതിമാസ ഫോൺഇൻ പരിപാടിയിൽ ഉന്നയിക്കപ്പെട്ട പരാതിക്ക് മറുപടി പറയവെയാണ് മന്ത്രി ഇത് വ്യക്തമാക്കിയത്. മാവേലി സ്റ്റോറുകളിൽ സാധനങ്ങൾ ഒന്നും ഇല്ലെന്ന ചില മാധ്യമങ്ങളിലെ വാർത്ത ശരിയല്ല. മാസാവസാനത്തോടെ ചില സാധനങ്ങൾ സാധാരണഗതിയിൽ ഇല്ലാത്ത അവസ്ഥ ഉണ്ടാകാറുണ്ട്. അതാണ് ഇപ്പോഴും സംഭവിച്ചിട്ടുള്ളത്. അടുത്ത ആഴ്ച, ഓഗസ്റ്റ് ആരംഭത്തിൽ പുതിയ സ്റ്റോക്ക് എത്തുന്നതോടെ എല്ലാ മാവേലി സ്റ്റോറുകളിലും എല്ലാ സാധനങ്ങളും ലഭ്യമാകുമെന്ന് മന്ത്രി വ്യക്തമാക്കി. റേഷൻ കടകളിൽ നിന്ന് സാധനങ്ങൾ വാങ്ങിക്കുന്ന ഉപഭോക്താക്കൾ ബില്ല് ചോദിച്ചു വാങ്ങാൻ മന്ത്രി പ്രത്യേക നിർദേശം നൽകി. ബിൽ ചോദിച്ചു വാങ്ങിയില്ലെങ്കിൽ റേഷൻ ഉപഭോക്താക്കൾക്ക് അർഹമായി കിട്ടേണ്ട അരിയും മറ്റ് സാധനങ്ങളും നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകും.തൃശ്ശൂർ ജില്ലയിൽ ഇറച്ചി തൂക്കം കുറച്ചാണ് വിൽക്കുന്നത് എന്ന പരാതി ലഭിച്ചതിനെത്തുടർന്ന് ഇക്കാര്യം പരിശോധിക്കാൻ നിർദേശിച്ചിട്ടുണ്ടെന്നും ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് ലഭിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. എല്ലാ മാസവും നടത്തുന്ന തൽസമയ ഫോൺ ഇൻ പരിപാടിയിൽ ശരാശരി 25 ഫോൺ കോളുകൾ വരാറുണ്ട്. ജൂലൈ മാസത്തെ ഫോൺഇൻ പരിപാടിയായിരുന്നു ചൊവ്വാഴ്ച നടന്നത്.

## ദേശീയ വിദ്യാഭ്യാസ നയം:

# മാറ്റങ്ങളുമായി എൻ ഐ ടി




**കൊച്ചി:** ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിൽ വൻ കുതിച്ചുചാട്ടവുമായി എൻഐടി കാലിക്കറ്റ്. പാഠ്യ ശാഖകളുടെ സംയോജനത്തിലൂടെയും വിവിധ തലങ്ങളിലുള്ള പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെയും ഒരു മൾട്ടി ഡിസിപ്ലിനറി എജുക്കേഷൻ ആൻഡ് റിസർച്ച് യൂണിവേഴ്സിറ്റി (മേരു) ആയി ഉയർന്നു വരാൻ ലക്ഷ്യമിട്ടാണ് വിവിധ പദ്ധതികൾ വിഭാവനം ചെയ്യുന്നതെന്ന് എൻ ഐ ടി കാലിക്കറ്റ് ഡയറക്ടർ പ്രൊഫസർ പ്രസാദ് കൃഷ്ണ വാർത്താ സ സമ്മേളനത്തിൽ അറിയിച്ചു.ചോയിസ് ബേസ്ഡ് ക്രെഡിറ്റ് സംവിധാനം വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള കോഴ്സുകൾ, ഇലക്ടീവുകൾ എന്നിവ തിരഞ്ഞെടുക്കാൻ അവസരം നൽകുന്നു.നവ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തിയിട്ടുള്ള മൈനർ പ്രോഗ്രാമുകളായ റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, മെഷീൻ ലേർണിംഗ്, ഡാറ്റാ സയൻസ് എന്നിവയും പുതുക്കിയ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.വ്യവസായ സംരംഭങ്ങളുടെയും തൊഴിൽ ദാതാക്കളുടെയും അഭിപ്രായം കണക്കിലെടുത്ത് പരിഷ്കരിച്ച പാഠ്യപദ്ധതി ഈ അധ്യാന വർഷം നിലവിൽ വരും. ബിരുദ, ബിരുദാനന്തര ബിരുദ, പി എച്ച് ഡി പ്രോഗ്രാമുകളുടെ സിലബസ് ആണ് പരിഷ്കരിച്ചിരിക്കുന്നത്. അതോടൊപ്പം തന്നെ നാലുവർഷ സംയോജിത ബി എസ് സിബി എഡ് പ്രോഗ്രാം ഈ വർഷം ആരംഭിക്കും.ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി സ്റ്റുഡൻറ് എക്സ്ചേഞ്ച് പ്രോഗ്രാമുകൾക്കും ഈ വർഷം മുതൽ എൻഐടി കാലിക്കറ്റിൽ തുടക്കം കുറിക്കും.വ്യവസായ സ്ഥാപനങ്ങളുമായുള്ള സഹകരണം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളാണ് മറ്റൊരു സംരംഭം. വ്യവസായ വിദഗ്ധരെ പ്രൊഫസർ ഓഫ് പ്രാക്ടീസ്, വിസിറ്റിംഗ് ഫാക്കൽറ്റി എന്നീ തസ്തികകളിൽ നിയമിക്കാനും വ്യവസായ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, ഗവേഷണ വികസന ലാബുകൾ, പൊതുമേഖലാ സംരംഭങ്ങൾ എന്നിവയിൽ ഇന്റേൺഷിപ്പ് ഉറപ്പുവരുത്താനും എൻ ഐ ടി തീരുമാനിച്ചിട്ടുണ്ട്.കോഴിക്കോട് എൻഐടിയിൽ സ്ഥാപിച്ചിട്ടുള്ള 15 മൾട്ടി ഡിസിപ്ലിനറി സെൻററുകൾ ആണ് മറ്റൊരു സംരംഭം. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ഭൗതികവും, ശാരീരികവും, മാനസികവും, വൈകാരികവും, ആത്മീയവുമായ വളർച്ചയ്ക്ക് ഉതകുന്ന തരത്തിലാണ് ഇവ പ്രവർത്തിക്കുന്നത്.ഇതുവരെ 25 പേറ്റന്റുകളും 5 ട്രേഡ് മാർക്കുകളും വിദ്യാർത്ഥി അധ്യാപക കണ്ടുപിടിത്തങ്ങൾക്കായി ലഭിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഇന്നവേഷൻ കൗൺസിൽ, ടെക്നോളജി ബിസിനസ് ഇൻക്യൂബേറ്റർ, സെൻറർ ഫോർ ഇന്നൊവേഷൻ, ഓൺറ്റർപ്രണർഷിപ്പ് ആൻഡ് ഇൻകിബേഷൻ എന്നിവയുടെ സഹകരണത്തോടെ വിദ്യാർഥികളുടെയും അധ്യാപകരുടെയും സ്റ്റാർട്ടപ്പ് സംരംഭങ്ങളെയും സ്ഥാപനം പ്രോത്സാഹിപ്പിക്കുന്നുണ്ട്. നിലവിൽ ഒരു വിദ്യാർത്ഥി സ്റ്റാർട്ടപ്പും 3 അധ്യാപക സ്റ്റാർട്ടപ്പുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 6 അധ്യാപക സ്റ്റാർട്ടപ്പുകൾക്കായുള്ള നടപടിക്രമങ്ങളും തുടങ്ങി.



# മെഡിക്കൽ കോളജുകളിൽ ഈ വർഷം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** മാലിന്യ സംസ്കരണത്തിനായി മെഡിക്കൽ കോളജുകളിൽ ഈ സാമ്പത്തിക വർഷം തന്നെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ബയോമെഡിക്കൽ മാലിന്യമൊഴികെ ചെറുതും വലുതുമായ എല്ലാ മാലിന്യങ്ങളും ശാസ്ത്രീയമായി സംസ്കരിക്കുന്ന സംവിധാനമാണിത്. മെഡിക്കൽ കോളജുകളിലെ ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഹൗസ് കീപ്പിംഗ് വിഭാഗം ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി. എല്ലാ മെഡിക്കൽ കോളജുകളിലേയും പ്രിൻസിപ്പൽമാരുടേയും സൂപ്രണ്ടുമാരുടേയും യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.സംസ്ഥാനത്തെ തെരഞ്ഞെടുത്ത മെഡിക്കൽ കോളജുകളെ മെഡിക്കൽ ഹബ്ബിന്റെ ഭാഗമാക്കി മാറ്റും. കേരളത്തെ ഹെൽത്ത് ഹബ്ബാക്കി മാറ്റുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചതാണ്. സംസ്ഥാനത്തിന് പുറത്തു നിന്നും രാജ്യത്തിന് പുറത്തു നിന്നും എത്തുന്നവർക്ക് മികച്ച ചികിത്സ ലഭ്യമാക്കുകയാണ് ലക്ഷ്യം. അതിനാവശ്യമായ സജ്ജീകരണം മെഡിക്കൽ കോളജുകളിൽ ഒരുക്കാൻ മന്ത്രി നിർദേശം നൽകി.മെഡിക്കൽ കോളജുകളിൽ 10 പ്രിൻസിപ്പൽമാർ പുതുതായി ചാർജ് ഏറ്റെടുത്തവരാണ്. മന്ത്രിയുടെ നിർദേശ പ്രകാരം പ്രിൻസിപ്പൽമാർക്കായി 2 ദിവസത്തെ പരിശീലനം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ചിരുന്നു. ഇതിനുപുറമെയാണ് മെഡിക്കൽ കോളജുകളുടെ സുഗമമായ പ്രവർത്തനം സാധ്യമാക്കുന്നതിന് മന്ത്രി യോഗം വിളിച്ചത്. എല്ലാ മെഡിക്കൽ കോളജുകളിലേയും പ്രശ്നങ്ങൾ സമഗ്രമായി ചർച്ച ചെയ്ത് പരിഹാര മാർഗങ്ങൾ നിർദേശിച്ചു. മെഡിക്കൽ കോളജിന്റെ വികസനവുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. സമയബന്ധിതമായി അവ പൂർത്തിയാക്കണം. തുടർച്ചയായ നിരീക്ഷണം ഉണ്ടാകണമെന്നും മന്ത്രി നിർദേശം നൽകി.എബിബിഎസ്, പിജി സീറ്റുകൾക്ക് പ്രാധാന്യം നൽകണം. സീറ്റുകൾ വർധിപ്പിക്കാനുള്ള സൗകര്യങ്ങളൊരുക്കണം. തിരുവനന്തപുരം മെഡിക്കൽ കോളജിൽ നടപ്പാക്കിയ ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് മറ്റ് മെഡിക്കൽ കോളജുകളും നടപ്പാക്കണം. ആശുപത്രികൾ രോഗീസൗഹൃദവും ജനസൗഹൃദവുമാകണം. രോഗികളോട് ജീവനക്കാർ നല്ല രീതിയിൽ പെരുമാറണം. കിഫ്ബി തുടങ്ങിയ വിവിധ ഫണ്ടുകളോടെ മികച്ച സംവിധാനങ്ങൾ മെഡിക്കൽ കോളജിൽ



ഒരുക്കി വരുന്നു. അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കണം. പുതിയ തസ്തികകൾ സൃഷ്ടിക്കാനായി നടപടി സ്വീകരിക്കും.

എല്ലാ മെഡിക്കൽ കോളജുകളും സേഫ്റ്റി ഓഡിറ്റ് നടത്തിയിട്ടുണ്ട്. അത്യാഹിത വിഭാഗം ഉൾപ്പെടെ പ്രധാനയിടങ്ങളിൽ സുരക്ഷയ്ക്കായി എസ്.ഐ.എസ്.എഫ്. കാരെ നിയോഗിക്കും. ജനങ്ങൾക്ക് സഹായകമായ രീതിയിൽ കൺട്രോൾ റൂമും ഹെൽപ് ഡെസ്കുകളും മാറണം. ഒരു രോഗി അഡ്മിറ്റായി കഴിഞ്ഞാൽ രോഗിയുടെ വിവരങ്ങൾ ശേഖരിച്ച് അടുത്ത ബന്ധുക്കൾക്ക് നൽകേണ്ടതാണ്. ആരോഗ്യസുരക്ഷാ പദ്ധതിയ്ക്കായി രോഗികളെ പലയിടത്ത് നടത്തിക്കരുത്. ഏകജാലകം വഴി സേവനം ലഭ്യമാക്കണം.സ്പെഷ്യൽ ഓഫീസർ, പ്ലാനിംഗ് ഓഫീസർ തുടങ്ങിയവരടങ്ങുന്ന മൂന്നംഗ സമിതി മെഡിക്കൽ വിദ്യാഭ്യാസ വിഭാഗത്തിന് കീഴിൽ രൂപീകരിക്കണം. മെഡിക്കൽ കോളജുകളുടെ വികസന പുരോഗതി വിലയിരുത്തണം. റഫറലും ബാക്ക് റഫറലും ഫലപ്രദമായി നടത്തണം. പ്രിൻസിപ്പൽ, സൂപ്രണ്ട്, ആർഎംഒ, നഴ്സിംഗ് ഓഫീസർ എന്നിവർ ആഴ്ചതോറും യോഗം ചേർന്ന് പോരായ്മകൾ പരിഹരിക്കണമെന്നും മന്ത്രി നിർദേശിച്ചു.ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ. പി. എം മുഹമ്മദ് ഹനീഷ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു, ജോയിന്റ് ഡയറക്ടർ, എല്ലാ മെഡിക്കൽ കോളജുകളിലേയും പ്രിൻസിപ്പൽമാർ, സൂപ്രണ്ടുമാർ തുടങ്ങിയവർ പങ്കെടുത്തു.

# കുട്ടനാട് പാക്കേജ്:37 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി

**ആലപ്പുഴ:** രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട 41 പദ്ധതികൾക്ക് 37 കോടി രൂപയുടെ ഭരണാനുമതി നൽകി ജലവിഭവ വകപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. ആലപ്പുഴ, അമ്പലപ്പുഴ, കുട്ടനാട്, ചെങ്ങന്നൂർ, മാവേലിക്കര, ഹരിപ്പാട്, ചങ്ങനാശേരി, ഏറ്റുമാനൂർ, കോട്ടയം കടുത്തുരുത്തി, ചേർത്തല, വൈക്കം മണ്ഡലങ്ങളിലെ വിവിധ പദ്ധതികൾക്കായാണ് പണം അനുവദിച്ചത്. ഇതിന്റെ തുടർ നടപടികൾ എത്രയും വേഗം ആരംഭിക്കണമെന്നും മന്ത്രി നിർദേശം നൽകിയിട്ടുണ്ട്. 2020 സെപ്റ്റംബറിലാണ് മുഖ്യമന്ത്രി പിണറായി വിജയൻ രണ്ടാം കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചത്. കുട്ടനാടുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജലവിഭവം, കൃഷി, ഫിഷറീസ്, ടൂറിസം അടക്കം ഒൻപത് വകുപ്പുകളുടെ പദ്ധതിയിൽപ്പെടുത്തിയാണ് പാക്കേജ് പ്രഖ്യാപ



ിച്ചിട്ടുള്ളത്. കുട്ടനാട്ടിലെ കാർഷികമേഖലയുടെ വളർച്ചയും കർഷകവരുമാനത്തിന്റെ തോതും വർധിപ്പിക്കുക, വേമ്പനാട് കായൽവ്യവസ്ഥയെ പാരിസ്ഥിതിക ആഘാതങ്ങൾ താങ്ങാൻ കഴിയുന്ന സ്ഥിതിയിലാക്കുക, പ്രദേശവാസികളെ സുരക്ഷിതമായി ജീവിക്കാൻ പ്രാപ്തരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് പദ്ധതി മുന്നോട്ടുവെയ്ക്കുന്നത്.

## മത്സ്യത്തൊഴിലാളി വനിതകൾക്കായി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** മത്സ്യത്തൊഴിലാളി വനിതകളുടെ ക്ഷേമത്തിനായി ഫിഷറീസ് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമെൻ (സാഫ്) ന്റെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്കായി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കുന്നു.മത്സ്യത്തൊഴിലാളി ഫാമിലി രജിസ്റ്ററിൽ (എഫ്.എഫ്.ആർ) അംഗത്വമുള്ള മത്സ്യക്കച്ചവടം, പീലിങ്ങ്, മീൻ ഉണക്കൽ മത്സ്യ സംസ്കരണം എന്നീ മേഖലകളിൽ ജോലി ചെയ്യുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പ്രവർത്തന മൂലധനത്തിനായി റിവോൾവിംഗ് ഫ് ലഭിക്കുന്നതിന് ഗ്രൂപ്പായി അപേക്ഷിക്കാം. ഒരു ഗ്രൂപ്പിൽ 5 പേർ വീതം ഉണ്ടായിരിക്കണം. പ്രായ പരിധി ഇല്ല. സാഫിൽ നിന്നും ജീവനോപാധി പദ്ധതികൾക്ക് ആനുകൂല്യം വാങ്ങിയിട്ടുള്ളവർ അപേക്ഷിക്കാൻ അർഹരല്ല. മത്സ്യക്കച്ചവടം ചെയ്യുന്നവർക്ക് മുൻഗണന ഉണ്ടായിരിക്കും. തിരഞ്ഞെടുക്കപ്പെടുന്ന ഗ്രൂപ്പുകൾക്ക് 50000 രൂപ പലിശരഹിത വായ്പയായി നൽകും. ഓരോ അംഗത്തിനും 10000 രൂപ വീതം ലഭിക്കും.സാഫ് ഫെസിലിറ്റർമാർ മുഖേന ആഴ്ചയിൽ നിശ്ചിത തുക ഗ്രൂപ്പുകൾ തിരിച്ചടയ്ക്കണം. മുടക്കം കൂടാതെ തിരിച്ചടയ്ക്കുന്ന ഗ്രൂപ്പുകൾക്ക് ഒരു ലക്ഷം രൂപ വരെ റിവോൾവിംഗ് ഫ് ലഭിക്കും.അപേക്ഷകൾ www.fisheries.kerala.gov.in, www.safkerala.org വെബ്സൈറ്റുകളിലും എറണാകുളം ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്, സാഫ് ജില്ലാ നോഡൽ ഓഫീസ്, മത്സ്യഭവനുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ 2022 ഓഗസ്റ്റ് 10 ന് വൈകുന്നേരം 5 വരെ അതാത് മത്സ്യഭവനുകളിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ അറിയുന്നതിന് 9846738470, 8943837072, 9847871278, 7736680550 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## നെഹ്റു ട്രോഫി വള്ളംകളി; ടിക്കറ്റുകൾ വാങ്ങാം

**ആലപ്പുഴ:** ഓഗസ്റ്റ് 12ന് പുന്നമടയിൽ നടക്കുന്ന 69ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ നേരിട്ടുള്ള ടിക്കറ്റ് വിൽപ്പനയ്ക്ക് തുടക്കമായി. ആർ.ഡി.ഒ. ഓഫീസിൽ നടന്ന ചടങ്ങിൽ ചലച്ചിത്ര സംവിധായകൻ ഷാഹി കബീർ ഹോട്ടൽ റമദ ജനറൽ മാനേജർ ജോസഫ് കെ. ജേക്കബിന് ടിക്കറ്റ് നൽകി വിൽപ്പന ഉദ്ഘാടനം ചെയ്തു. ഹബീബ് തയ്യിലിനും സംവിധായകൻ ഷാഹി കബീർ വള്ളംകളിയുടെ ടിക്കറ്റ് നൽകി.ടൂറിസ്റ്റ് ഗോൾഡ് (നെഹ്റു പവിലിയൻ) 3000 രൂപ, ടൂറിസ്റ്റ് സിൽവർ (നെഹ്റു പവിലിയൻ) 2500 രൂപ, റോസ് കോർണർ (കോൺക്രീറ്റ് പവിലിയൻ) 1000 രൂപ, വിക്ടറി ലൈൻ (വുഡൻ ഗാലറി) 500 രൂപ, ഓൾ വ്യൂ (വുഡൻ ഗാലറി) 300 രൂപ, ലേക് വ്യൂ (വുഡൻ ഗാലറി) 200 രൂപ, ലോൺ100 രൂപ എന്നിങ്ങനെയാണ് വിവിധ ടിക്കറ്റുകളുടെ നിരക്ക്.ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകളിലും കാസർഗോഡ്, കണ്ണൂർ, വയനാട്, ഇടുക്കി ജില്ലകൾ ഒഴികെയുള്ള ജില്ലകളിലെ എല്ലാ പ്രധാന സർക്കാർ ഓഫീസുകളിലും വള്ളംകളിയുടെ ടിക്കറ്റ് ലഭിക്കും. https://nehrturophy.nic.in/pages-en-IN/online_ticket.php, https://feebook.southindianbank.com/FeeBookUser/kntbr എന്നീ ലിങ്കുകൾ വഴിയും ടിക്കറ്റെടുക്കാം. ചടങ്ങിൽ എൻ.ടി.ബി.ആർ. സൊസൈറ്റി സെക്രട്ടറിയായ സബ് കളക്ടർ സൂരജ് ഷാജി, എൻ.ടി.ബി.ആർ എക്സി. അംഗം ജോണി മുക്കം, സീനിയർ സൂപ്ര് ഷാജി ബേബി, പ്രദീപ് ഭാസ്കർ, കെ.ജി വിനോദ് തുടങ്ങിയവർ പങ്കെടുത്തു.

## ടെൻഡർ ക്ഷണിച്ചു

**ആലപ്പുഴ:** വെളിയനാട് ഐ.സി.ഡി.എസ്. പ്രോജക്ടിലെ അഞ്ചാം നമ്പർ അങ്കണവാടിയുടെ നവീകരണ പ്രവർത്തനം നടത്തുന്നതിനായി ടെൻഡർ ക്ഷണിച്ചു. ഓഗസ്റ്റ് നാലിന് ഉച്ചയ്ക്ക് 2.15 വരെ ഐ.സി.ഡി.എസ്. വെളിയനാട് കിടങ്ങറ പി.ഒ.,ആലപ്പുഴ എന്ന വിലാസത്തിൽ നൽകാം. ഫോൺ: 0477 2754748.

## ക്വട്ടേഷൻ ക്ഷണിച്ചു

**ആലപ്പുഴ:** കായംകുളം റസ്റ്റ് ഹൗസ് വളപ്പിലെ കാൻറീൻ അടുത്ത ഒരു വർഷത്തേക്ക് മാസ വാടകയ്ക്ക് നൽകുന്നതിന് കാൻറീൻ നടത്തി മുൻ പരിചയം ഉള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ഓഗസ്റ്റ് രിന് ഉച്ചകഴിഞ്ഞ് മൂന്നിനകം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിട ഉപവിഭാഗം, ഹരിപ്പാട് എന്ന വിലാസത്തിൽ ക്വട്ടേഷൻ നൽകണം. ഫോൺ: 0479 2415660.

# പ്രതിരോധ കുത്തിവെപ്പ്: ലക്ഷ്യം നേടാൻ മിഷൻ ഇന്ദ്രധനുഷ് 5.0



**കൊച്ചി:** പ്രതിരോധകുത്തിവെപ്പെടുക്കാത്തതും ഭാഗികമായി ലഭിച്ചതുമായ കുട്ടികൾക്കും ഗർഭിണികൾക്കും വാക്സിൻ നൽകുകയെന്ന ലക്ഷ്യത്തോടെ ജില്ലയിൽ ഇന്റൻസിഫൈഡ് മിഷൻ ഇന്ദ്രധനുഷ്5.0(കണ്ഡക 5.0) യജ്ഞം നടപ്പാക്കുന്നു. പ്രതിരോധിക്കാൻ കഴിയുന്ന രോഗങ്ങളിൽനിന്ന് മുഴുവൻ കുട്ടികളെയും സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.മിഷൻ ഇന്ദ്രധനുഷ് 5.0 ജില്ലാതല ടാസ്ക് ഫോഴ്സ് യോഗം ജില്ലാ വികസന കമ്മീഷണർ മാധവികുട്ടിയുടെ അധ്യക്ഷതയിൽ ചേർന്നു.എതെങ്കിലും കാരണങ്ങളാൽ വാക്സിൻ എടുക്കാൻ സാധിക്കാതെ പോയവർക്ക് വാക്സിൻ ലഭ്യമാക്കാൻ പദ്ധതിയിലൂടെ സാധ്യമാകും. വാക്സിനേഷൻ കണക്കിൽ പിറകിൽ നിൽക്കുന്ന ജില്ലകൾക്ക് പ്രത്യേക ശ്രദ്ധനൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. മീസിൽസ് (അഞ്ചാം പനി), റൂബല്ല എന്നിവയ്ക്ക് പദ്ധതിയിൽ കൂടുതൽ പ്രാധാന്യം നൽകും.മൂന്ന് ഘട്ടങ്ങളായയാണ് ഇന്റൻ?സി?ഫൈ?ഡ് മിഷൻ ഇന്ദ്രധനുഷ് 5.0 നടപ്പാക്കുന്നത്. ആഗസ്റ്റ് ഏഴു മുതൽ 12 വരെ ആദ്യഘട്ടവും സെപ്റ്റംബർ 11 മുതൽ 16 വരെ രണ്ടാം ഘട്ടവും ഒക്ടോബർ ഒമ്പത് മുതൽ 14 വരെ മൂന്നാം ഘട്ടവും നടക്കും.വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുക. പ്രതിരോധ കുത്തിവെപ്പുകൾ എടുക്കാത്തതോ ഭാഗികമായി മാത്രം എടുത്തതോ ആയ അഞ്ചു വയസ്സുവരെയുള്ള കുട്ടികളുടെ ഇമ്യൂണൈസേഷൻ പൂ?ർ?ത്തീ?ക?രി?ക്കാ?ൻ കഴിയും വിധം വീടുവീടാന്തരം സർവേ നടത്തുകയും ആരോഗ്യ ബോധവത്കരണം നൽകുകയും ചെയ്യും.ജില്ലാ മെഡിക്കൽ ഓഫീസർ ഇൻചാർജ് ഡോ. കെ. കെ ആശ, ദേശീയ ആരോഗ്യ മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സി രോഹിണി, എ.ഡി. എം.ഒ ഡോ. ആർ വിവേക് കുമാർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# മാലിന്യ പരിപാലന രൂപരേഖ തയാറാക്കും

**കൊച്ചി:** മുവാറ്റുപുഴ നഗരസഭയുടെ നിലവിലുള്ള ഖര മാലിന്യ പരിപാലന പ്രവർത്തനങ്ങളിലുള്ള പോരായ്മകൾ കണ്ടെത്തി പരിഹരിക്കുന്നതിനും മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുമായി ദീർഘകാല സമഗ്ര ഖര മാലിന്യ രൂപരേഖ തയ്യാറാക്കുന്നു. സർക്കാർ നിർദേശപ്രകാരം കേരള ഖര മാലിനൃ പരിപാലന പദ്ധതി നിയമിക്കുന്ന വിദഗ്ദർ ആയിരിക്കും രൂപരേഖ തയ്യാറാക്കുക. ആദ്യപടിയായി പൊതുസമൂഹത്തിന്റെ അഭിപ്രായങ്ങൾ ശേഖരിക്കുവാനായി പൊതു കൂടിയാലോചന യോഗം മുവാറ്റുപുഴ മുനിസിപ്പൽ ടൗൺ ഹാളിൽ ചേർന്നു.നഗരസഭയ്ക്ക് അടുത്ത 25 വർഷത്തേക്കുള്ള മാലിന്യ പരിപാല രൂപരേഖ തയാറാക്കുകയാണ് ലക്ഷ്യം. നാല് ഗ്രൂപ്പുകളായി തിരിഞ്ഞുള്ള ചർച്ചക്ക് ശേഷം നിർദേശങ്ങൾ നൽകി. കേരള ഖര മാലിന്യ പരിപാലന പദ്ധതി നിയമിച്ചിട്ടുള്ള വിദഗ്ദർ നിർദേശങ്ങൾ ക്രോഡീകരിച്ച് സമഗ്രമായ പ്ലാൻ തയ്യാറാക്കും. വിവിധ സർക്കാർ പദ്ധതികളിലെ ഫണ്ടുകൾ സംയോജിപ്പിച്ചായിരിക്കും രൂപരേഖ പ്രാവർത്തികമാക്കുന്നത്.നഗരസഭ ചെയർമാൻ പി പി എൽദോസ്,ഖര മാലിന്യ പരിപാലന പദ്ധതി സോഷ്യൽ എക്സ്പെർട്ട് എസ്. വിനു, നഗരസഭ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് എഞ്ചിനീയർ അപർണ ഗിരീഷ്, എന്നിവർ നേതൃത്വം നൽകി.കൗൺസിലർമാർ, പോലീസ് ഡിപ്പാർട്മെന്റ്, ഫയർ ഫോഴ്സ്, സ്കൂളുകൾ, വ്യാപാരി വ്യെവസായി, റെസിഡൻസ് അസോസിയേഷനുകൾ, വാട്ടർ അതോറിറ്റി, കുടുംബശ്രീ, ഹരിതകർമസേന, ശുചിത്വ മിഷൻ, കില, നഗരസഭ ആരോഗ്യ വിഭാഗം, ടെക്നിക്കൽ കൺസൾറ്റന്റ്സ് എന്നിവരുടെ പ്രതിനിധികൾ പങ്കെടുത്തു.

# കളമശ്ശേരി രാജഗിരി കോളേജിൽ കനൽ ക്യാമ്പയിൻ 2023 സംഘടിപ്പിച്ചു

**കൊച്ചി:** വനിത ശിശു വികസന വകുപ്പിന്റെ കനൽ കർമ്മ പദ്ധതിയുടെ ഭാഗമായി കനൽ ക്യാമ്പയിൻ 2023 സംഘടിപ്പിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ ചെറുക്കുക ലിംഗ വിവേചനം അവസാനിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ക്യാമ്പയിൻ നടത്തിയത്. കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് കോളേജിൽ സംഘടിപ്പിച്ച ചടങ്ങിന്റെ ജില്ലാതല ഉദ്ഘാടനം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് പ്രിൻസിപ്പൽ റവ: ഡോ. എം ഡി സാജു സി എം ഐ നിർവഹിച്ചു. ജില്ലാ വനിത ശിശുവികസന ഓഫീസർ ഡോ. പ്രേംന മനോജ് ശങ്കർ അധ്യക്ഷ വഹിച്ചു . ലിംഗ സമത്വം എന്ന വിഷയത്തിൽ സൈക്കോ സോഷ്യൽ കൗൺസിലർ വി.കെ സന്ധ്യ ക്ലാസ്സ് എടുത്തു. കൊച്ചി സിറ്റി പോലീസിൽ നിന്നുമുള്ള ഓഫീസർമാരുടെ നേതൃത്വത്തിൽ സെൽഫ്



ഡിഫൻസ് പരിശീലനം നൽകി. ഡോ. അനിത രാജ , കെ.എസ്. ശ്രീജ എന്നിവർ പങ്കെടുത്തു.

## യുവ പ്രതിഭാ പുരസ്കാരം: അപേക്ഷ തീയതി നീട്ടി

**കൊച്ചി:** സംസ്ഥാന യുവജനക്ഷേമ ബോർഡ് 2022 ലെ സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരത്തിനുള്ള നോമിനേഷൻ സ്വീകരിക്കുന്നതിനും മികച്ച ക്ലബ്ബുകൾക്കുള്ള അവാർഡിന് അപേക്ഷ സമർപ്പിക്കുന്നതിനുമുള്ള അവസാന തീയതി 2023 ഓഗസ്റ്റ് 10 വൈകുന്നേരം 5 വരെ ദീർഘിപ്പിച്ചു. വ്യക്തിഗത പുരസ്കാരത്തിനായി 18 നും 40 നും മദ്ധ്യേ പ്രായമുള്ള യുവജനങ്ങളെ നോമിനേറ്റ് ചെയ്യാം. സാമൂഹ്യപ്രവർത്തനം, മാധ്യമപ്രവർത്തനം (പ്രിന്റ് മീഡിയ), മാധ്യമ പ്രവർത്തനം (ദൃശ്യമാധ്യമം), കല, സാഹിത്യം, കായികം (വനിത), കായികം (പുരുഷൻ), സംരംഭകത്വം, കൃഷി, ഫോട്ടോഗ്രാഫി എന്നീ മേഖലകളിൽ നിന്നും മികച്ച ഓരോ വ്യക്തിക്കുവീതം ആകെ 10 പേർക്കാണ് അവാഡ് നൽകുന്നത്. അവാർഡിനായി സ്വയം അപേക്ഷ സമർപ്പിക്കേണ്ടതില്ല. ഏതൊരാൾക്കും മറ്റൊരു വ്യക്തിയെ നാമനിർദ്ദേശം ചെയ്യാം. അതാത് മേഖലയിലെ വിദഗ്ദ്ധരുൾപ്പെടുന്ന ജൂറി അപേക്ഷകരുടെ പ്രവർത്തനങ്ങളെ വിലയിരുത്തിയാണ് ജേതാക്കളെ തിരഞ്ഞെടുക്കുന്നത്. അവാർഡിന് അർഹരാകുന്നവർക്ക് 50,000 രൂപയും പ്രശസ്തി പത്രവും പുരസ്കാരവും നൽകുന്നു.കൂടാതെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത്, യുവാ അവളിടം ക്ലബ്ബുകളിൽ നിന്നും അവാർഡിനായി അപേക്ഷകൾ ക്ഷണിക്കുന്നു. ജില്ലാതലത്തിൽ തെരഞ്ഞെടുത്ത മികച്ച ക്ലബ്ബുകൾക്ക് 30,000 രൂപയും പ്രശസ്തി പത്രവും പുരസ്കാരവും നൽകുന്നു. ഓരോ വിഭാഗത്തിലും അതാത് ജില്ലാതലത്തിൽ അവാർഡിനർഹത നേടിയ ക്ലബ്ബുകളെയാണ് സംസ്ഥാനതലത്തിലെ അവാർഡിനായി പരിഗണിക്കുന്നത്. സംസ്ഥാന അവാർഡ് നേടുന്ന ക്ലബ്ബിന് 50,000/ രൂപയും പ്രശസ്തി പത്രവും, പുരസ്കാരവും നൽകും. മാർഗ്ഗനിദ്ദേശങ്ങളും അപേക്ഷ ഫോറവും അതാത് ജില്ലാ യുവജന കേന്ദ്രങ്ങളിലും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ വെബ് സൈറ്റിലും (www.skywb.kerala.gov.in). കൂടുതൽ വിവരങ്ങൾക്ക് 0484 2428071, 8304983987.

## എൻട്രൻസ് പരിശീലന സഹായത്തിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനം നടത്താൻ വിഷൻ 202324 പദ്ധതി പ്രകാരം ആനുകൂല്യ വിതരണത്തിനായി അപേക്ഷ ക്ഷണിച്ചു. 202223 അധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബിപ്ലസിൽ കുറയാത്ത ഗ്രേഡ് വാങ്ങി വിജയിച്ചവരും നിലവിൽ പ്ലസ് വണ്ണിന് സ്റ്റേറ്റ് സിലബസിൽ പഠനം നടത്തുന്നവരും കുടുംബ വാർഷിക വരുമാന പരിധി ആറുലക്ഷം രൂപയിൽ കവിയാത്തവരുമായ പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസറും ജില്ലാ കളക്ടറും അടങ്ങുന്ന സമിതി തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ എൻട്രൻസ് പരിശീലനം നടത്തുന്നതിനാണ് ആനുകൂല്യം നൽകുന്നത്. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി പകർപ്പ്, സ്ഥാപനത്തിൽ നിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റ്, അറ്റൻഡൻസ് സർട്ടിഫിക്കറ്റ്, കോഴ്സ് ഫീസ് റസീപ്റ്റ്, ബാങ്ക് പാസ്ബുക്ക് പകർപ്പ് എന്നിവ അടങ്ങിയ പൂർണ്ണമായ അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർ, ജില്ലാ പട്ടികജാതി വികസന ഓഫീസ്, അയ്യങ്കാളി ഭവൻ ഒന്നാം നില, കനക നഗർ, കവടിയാർ പി.ഒ, വെള്ളയമ്പലം, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ ആഗസ്റ്റ് 31നകം ലഭ്യമാക്കേതാണ്. അപേക്ഷ ഫോമുകൾക്ക് scdd.kerala.gov.in എന്ന വെബ്സൈറ്റിലോ ഓഫീസിൽ നേരിട്ടോ സമീപിക്കേതാണെന്ന് ജില്ലാ അസിസ്റ്റന്റ് പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2314232, 2314238.

## എയർപോർട്ട് മാനേജ്മെന്റ് കോഴ്സിന് അപേക്ഷിക്കാം

സംസ്ഥാന പൊതുവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് ജൂലൈ സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റിന് (DAM) പ്രോഗ്രാമിലേക്ക് പ്ലസ്ടു അഥവാ തത്തുല്യ യോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം. അംഗീകൃത പഠന കേന്ദ്രങ്ങളുടെ നേതൃത്വത്തിലാണ് സമ്പർക്ക ക്ലാസ്സുകൾ ക്രമീകരിച്ചിട്ടുള്ളത്. വിവിധ എയർപോർട്ടുകളിൽ ഇന്റേൺഷിപ്പ് ഉൾപ്പെടുത്തിയിട്ട്. https://apps.rccc.in/register എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം. https:/s/rccc.in/download എന്ന ലിങ്കിൽ നിന്നും അപേക്ഷാഫാറം ഡൗൺലോഡ് ചെയ്തും അപേക്ഷിക്കാം. ആഗസ്റ്റ് പത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം. വിശദ വിവരങ്ങൾ തിരുവനന്തപുരം നന്ദാവനത്തുള്ള എസ്.ആർ.സി ഓഫീസിൽ നിന്ന് നേരിട്ടും ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം33. ഫോൺ: 0471 2570471, 9846033009. വിശദാംശങ്ങൾ wwws.rccc.in എന്ന വെബ്സൈറ്റിലും ലഭിക്കും.

# 'ഡിജിറ്റൽ വില്ലേജ്' ടീസർ റിലീസായി




**കൊച്ചി:** പുതുമുഖങ്ങളെ അണിനിരത്തി നവാഗതരായ ഉത്സവ് രാജീവ്,ഫഹദ് നന്ദു രചനയും സംവിധാനവും നിർവഹിക്കുന്ന 'ഡിജിറ്റൽ വില്ലേജ്' എന്ന ചിത്രത്തിന്റെ ടീസർ റിലീസായി.നവാഗതരായ ഒരുകൂട്ടം ചെറുപ്പക്കാരുടെ സിനിമ എന്ന സ്വപ്നം സാക്ഷാത്കരമാണ് 'ഡിജിറ്റൽ വില്ലേജ് '.കേരള കർണ്ണാടക ബോർഡറിലെ ഒരു കൊച്ചു ഗ്രാമത്തിൽ ചെറുപ്പക്കാരുടെ കൂട്ടായ്മയിൽ നടക്കുന്ന രസകരമായ സംഭവങ്ങളാണ് ഇതിൽ ചിത്രീകരിച്ചിരിക്കുന്നത്. പുതുമുഖങ്ങളെ അണിനിരത്തി ചിത്രീകരണം പൂർത്തിയായിരിക്കുന്ന ഈ ചിത്രത്തിൽ സീതാഗോളി,കുമ്പള ഗ്രാമത്തിലെ കലാകാരന്മാരും മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. വികസനം എത്തിപ്പെടാത്ത പഞ്ചിക്കല്ല് എന്ന ഗ്രാമത്തിലെ മൂന്ന് സുഹൃത്തുക്കൾ ആ ഗ്രാമവാസികളെ ഡിജിറ്റൽ യുഗത്തിലേക്ക് കൂട്ടിക്കൊണ്ട് പോകുന്നതും അതിലേയ്ക്കുള്ള ശ്രമവുമാണ് 'ഡിജിറ്റൽ വില്ലേജ്'എന്ന ചിത്രത്തിൽ നർമ്മത്തോടൊപ്പം ദൃശ്യവൽക്കരിക്കുന്നത്.യുലിൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ അഖിൽ മുരളി, ആഷിക് മുരളി എന്നിവർ ചേർന്ന് ആദ്യമായി നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ശ്രീകാന്ത് നിർവ്വഹിക്കുന്നു.മനു മഞ്ജിത്ത്,സുധീഷ് മറുതളം,വിനായക് ശരത്ചന്ദ്രൻ എന്നിവർഎഴുതിയ വരികൾക്ക് ഹരി എസ് ആർ സംഗീതം പകരുന്നു. എഡിറ്റിങ്ങ് മനു ഷാജു, വസ്ത്രാലങ്കാരം സമീറ സനീഷ്, പ്രൊഡക്ഷൻ കൺട്രോളർ പ്രവീൺ ബി. മേനോൻ, കലാ സംവിധാനം ജോജോ ആന്റണി, ചീഫ് അസോസിയേറ്റ് ഡയറക്ടർ ഉണ്ണി സി. ചീഫ് അസോസിയേറ്റ് ക്യാമറമാൻ സി.ആർ. നാരായണൻ, അസോസിയേറ്റ് ഡയക്ടർ ജിജേഷ് ഭാസ്കർ, സൗണ്ട് ഡിസൈനർ അരുൺ രാമവർമ്മ, ചമയം ജിതേഷ് പൊയ്യ, ലോക്കഷൻ മാനേജർ, കാസ്റ്റിംഗ് ഡയറക്ടർ, പ്രൊജക്റ്റ് കോർഡിനേറ്റർ ജോൺസൺ കാസറഗോഡ്, സ്റ്റിൽസ് നിദാദ് കെ.എൻ, ഡിസൈൻ യെല്ലോ ടൂത്ത്. കാസർഗോഡിലെ സീതഗോളി,കുമ്പള എന്നീ ഗ്രാമങ്ങളിലാണ് ചിത്രത്തിന്റെ ലൊക്കേഷൻ.പി ആർ ഒ എ എസ് ദിനേശ്

# "വോയിസ് ഓഫ് സത്യനാഥൻ' വീഡിയോ ഗാനം




**കൊച്ചി:** ദിലീപിനെ കേന്ദ്ര കഥാപാത്രമാക്കി റാഫി തിരക്കഥയുമെഴുതി സംവിധാനം ചെയ്യുന്ന 'വോയിസ് ഓഫ് സത്യനാഥൻ'എന്ന ചിത്രത്തിലെ വീഡിയോ ഗാനം റിലീസായി.വിനായക് ശശികുമാർ,സുഷാന്ത് സുധാകരൻ (ഹിന്ദി) എന്നിവർ എഴുതിയ വരികൾക്ക് അങ്കിത് മേനോൻ സംഗീതം പകർന്ന് സൂരജ് സന്തോഷ്,അങ്കിത് മേനോൻ എന്നിവർ ആലപിച്ച ' ഓ പർ ദേശി...' എന്നാരംഭിക്കുന്ന ഗാനമാണ് റിലീസായത്.ജൂലായ് ഇരുപത്തിയെട്ടിന് പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ ജോജു ജോർജ്, അനുപം ഖേർ, മകരന്ദ് ദേശ്പാണ്ഡെ, അലൻസിയർ ലോപ്പസ്, ജഗപതി ബാബു, ജാഫർ സാദിഖ് (വിക്രം ഫെയിം),സിദ്ദിഖ്, ജോണി ആന്റണി, രമേഷ് പിഷാരടി, ജനാർദ്ദനൻ, ബോബൻ സാമുവൽ, ബെന്നി പി നായരമ്പലം, ഫൈസൽ, ഉണ്ണിരാജ, വീണാ നന്ദകുമാർ, സ്മിനു സിജോ,അംബിക മോഹൻ തുടങ്ങിയവർ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.ഒപ്പം അനുശ്രീ അതിഥി താരമായി പ്രത്യക്ഷപ്പെടുന്നുണ്ട്.ബാദുഷ സിനിമാസിന്റേയും ഗ്രാന്റ് പ്രൊഡക്ഷൻസിന്റേയും ബാനറിൽ എൻ.എം ബാദുഷ, ഷിനോയ് മാത്യു, ദിലീപ്,രാജൻ ചിറയിൽഎന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർമഞ്ജു ബാദുഷ,നീതു ഷിനോജ്,കോ പ്രൊഡ്യൂസർരോഷിത് ലാൽ വി 14 ലവൻ സിനിമാസ്, പ്രിജിൻ ജെ പി,ജിബിൻ ജോസഫ് കളരിക്കപ്പറമ്പിൽ (യു എ ഇ).ഛായാഗ്രഹണംസ്വരൂപ് ഫിലിപ്പ്,സംഗീതംഅങ്കിത് മേനോൻ,എഡിറ്റർ ഷമീർ മുഹമ്മദ്, വസ്ത്രാലങ്കാരംസമീറ സനീഷ്, കല സംവിധാനം എം ബാവ, പ്രൊഡക്ഷൻ കൺട്രോളർ ഡിക്സൺ പൊടുത്താസ്,മേക്കപ്പ് റോണക്സ് സേവ്യർ, ചീഫ് അസ്സോസിയേറ്റ് സൈലെക്സ് എബ്രഹാം, അസ്സോസിയേറ്റ് ഡയറക്ടർമുബീൻ എം റാഫി, ഫിനാൻസ് കൺട്രോളർ ഷിജോ ഡൊമനിക്,റോബിൻ അഗസ്റ്റിൻ,ഡിജിറ്റൽ മാർക്കറ്റിംഗ്മാറ്റിനി ലൈവ്, സ്റ്റിൽസ്ശാലു പേയാട്, ഡിസൈൻ ടെൻ പോയിന്റ്,പി ആർ ഒഎ എസ് ദിനേശ്

# 'സിക്കാഡ' ടൈറ്റിൽ പോസ്റ്റർ പ്രകാശനം ചെയ്തു




**കൊച്ചി:** സംഗീത സംവിധായകൻ ശ്രീജിത്ത് ഇടവന ആദ്യമായി സംവിധാനം ചെയ്യുന്ന സിക്കാഡ എന്ന പാൻ ഇന്ത്യൻ ചിത്രത്തിന്റെ ടൈറ്റിൽ ലോഞ്ചും പോസ്റ്റർ പ്രകാശനവും നടൻ ടൊവീനോ തോമസ് നിർവഹിച്ചു. മലയാള സിനിമയിലെ അറുപതോളം പ്രമുഖർ അവരുടെ സോഷ്യൽ മീഡിയ പേജിലൂടെ പോസ്റ്റർ പങ്കുവച്ചു. സർവവൈവൽ ത്രില്ലർ ശ്രേണിയിലേക്ക് കടന്നു വരുന്ന സിക്കാഡ മലയാളം, തമിഴ്, കന്നഡ, തെലുങ്ക് ഭാഷകളിലാണ് നിർമിക്കുന്നത്. അൽഫോൻസ് പുത്രന്റെ സംവിധാനത്തിൽ നിവിൻ പോളിയും നസ്രിയയും അഭിനയിച്ച നെഞ്ചോട് ചേർത്ത് എന്ന ഗാനത്തിലൂടെയാണ് ശ്രീജിത്ത് ഇടവന സംഗീതപ്രേമികളുടെ ഇഷ്ടം നേടുന്നത്. ശിക്കാരി ശംഭു, മധുരനാരങ്ങ, തിരിമാലി തുടങ്ങി ഒട്ടേറെ ചിത്രങ്ങളുടെ സംഗീതസംവിധാനം നിർവഹിച്ച ശ്രീജിത്ത്, താരം പതിപ്പിച്ച കൂടാരം, കാതൽ എൻ കവിയെ, മെല്ലെ വന്നു കൊഞ്ചിയോ തുടങ്ങിയ ജനപ്രിയ ഗാനങ്ങളിലൂടെ സംഗീത രംഗത്ത് തന്റെ സാന്നിദ്ധ്യം ഉറപ്പായ ആത്മവിശ്വാസവുമായാണ് ശ്രീജിത്ത് സംവിധായകന്റെ കുപ്പായമിടുന്നത്. സിക്കാഡയുടെ രചനയും സംഗീതസംവിധാനവും നിർവഹിക്കുന്നത് ശ്രീജിത്ത് ഇടവന തന്നെയാണ്. നാലുഭാഷകളിലും വ്യത്യസ്തഗാനങ്ങളുമായാണ് സിക്കാഡ എത്തുക എന്ന പ്രത്യേകതയുമുണ്ട്. തീർണ ഫിലിംസ് ആന്റ് എൻറർടൈൻമെന്റിന്റെ ബാനറിൽ വന്ദന മേനോൻ,ഗോപകുമാർ പി എന്നിവർചേർന്ന് നിർമിക്കുന്ന ഈ ചിത്രത്തിൽ പ്രമുഖതാരങ്ങൾ അണിനിരക്കുന്നു. യുവടൻ രജിത് പത്തു വർഷത്തിനു ശേഷം പുതിയ ഗെറ്റപ്പിൽ തിരിച്ചെത്തുകയാണ്, ഈ ചിത്രത്തിലൂടെ. 2018, തലൈനഗരം 2 ഉൾപ്പെടെ തെന്നിന്ത്യൻ സിനിമയിൽ സ്വഭാവവേഷങ്ങളിലൂടെ തിളങ്ങുന്ന ജെയ്സ് ജോസ് പള്ളിപ്പാടൻ കരുത്തുറ്റ വേഷത്തിലുണ്ട്. ഗായത്രി മയൂര നായികയായി എത്തുന്നു.നവീൻ രാജ് ഛായാഗ്രഹണം നിർവഹിക്കുന്നു. എഡിറ്റിംങ്ഷൈജിത്ത് കുമരന,ഗാനരചന വിവേക് മുഴക്കുന്ന്. പ്രൊഡക്ഷൻ കൺട്രോളർ രാജേഷ് കെ മത്തായി, ഓഡിയോഗ്രാഫി ആഡ് ലിൻ സൈമൺ ചിറ്റിലപ്പിള്ളി, സൗണ്ട് എഡിറ്റർസുജിത് സുരേന്ദ്രൻ, ശബ്ദമിശ്രണം ഫസൽ എ ബക്കർ സ്റ്റുഡിയോഎസ്.എ. സ്റ്റുഡിയോ, കലാസംവിധാനം ഉണ്ണി എൽദോ, കോസ്റ്റ്യൂമ്ജെസിയ ജോർജ്, നൃത്തസംവിധാനം റ്റീഷ്യ ,മേക്കപ്പ്ജീവ. കോപ്രൊഡ്യൂസർ ശ്രീനാഥ് രാമചന്ദ്രൻ, കെവിൻ ഫെർണാണ്ടസ്, സൽമാൻ ഫാരിസ്, ഗൗരി ടിംബൽ,പ്രവീൺ രവീന്ദ്രൻ ലൈൻ പ്രൊഡ്യൂസർ ദീപക് വേണുഗോപാൽ, അനീഷ് അട്ടപ്പാടി, പ്രജിത്ത് നമ്പ്യാർ, ഉണ്ണി എൽദോ,സ്റ്റിൽസ് അലൻ മിഥുൻ,പോസ്റ്റർ ഡിസൈൻ മഡ് ഹൗസ്. ബാംഗ്ലൂർ, കൊച്ചി, അട്ടപ്പാടി എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയാക്കിയ'സിക്കാഡ ' ഉടൻ പ്രദർശനത്തിനെത്തും.

# 'കുറുക്കൻ 'ലിറിക്കൽ വീഡിയോ ഗാനം

**കൊച്ചി:** വിനീത് ശ്രീനിവാസൻ, ശ്രീനിവാസൻ, ഷൈൻ ടോം ചാക്കോ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ ജയലാൽ ദിവാകരൻ സംവിധാനം ചെയ്യുന്ന'കുറുക്കൻ' എന്ന ചിത്രത്തിലെ ലിറിക്കൽ വീഡിയോ ഗാനം റിലീസായി.മനു മഞ്ജിത് എഴുതിയ വരികൾക്ക് ഉണ്ണി ഇളയരാജ സംഗീതം പകർന്ന് അതുൽ നറുകര ആലപിച്ച 'ഈശ്വരൻ ലഞ്ചിന് പോയൊരു നേരത്ത്... 'എന്നാരംഭിക്കുന്ന ഗാനമാണ് റിലീസായത്.ജൂലായ് ഇരുപത്തിയേഴിന് 'കുറുക്കൻ' പ്രദർശനത്തിനെത്തുന്നു.വർണ്ണചിത്രയുടെ ബാനറിൽ മഹാസുബൈർ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ സുധീർ കരമന, ശ്രീകാന്ത് മുരളി, ദിലീപ് മേനോൻ,ജോജി ജോൺ, അശ്വത് ലാൽ,ബാലാജി ശർമ്മ, കൃഷ്ണൻ ബാലകൃഷ്ണൻ, നന്ദൻ ഉണ്ണി, അസീസ് നെടുമങ്ങാട്,മാളവികാ മേനോൻ, ഗൗരി നന്ദ, ശ്രുതി ജയൻ, അഞ്ജലി സത്യനാഥ്, അൻസിബാ ഹസ്സൻ, തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു.

ജിബു ജേക്കബ് ഛായാഗ്രഹണം നിർവഹിക്കുന്നു.മനോജ് റാംസിംഗ് തിരക്കഥ സംഭാഷണമെഴുതുന്നു. മനു മഞ്ജിത്തിന്റെ വരികൾക്ക് ഉണ്ണി ഇളയരാജാ സംഗീതം പകരുന്നു.എഡിറ്റിംഗ് രഞ്ജൻ ഏബ്രഹാം,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസൈനുദ്ദീൻ,




പ്രൊഡക്ഷൻ ഡിസൈനർജോസഫ് നെല്ലിക്കൽ,കോസ്റ്റ്യൂംസുജിത് മട്ടന്നൂർ, മേക്കപ്പ്ഷാജി പുൽപ്പള്ളി, അസ്സോസ്സിയേറ്റ് ഡയറക്ടർഅനീവ് സുകുമാരൻ,പ്രൊഡക്ഷൻ കൺട്രോളർ ഷെമീജ് കൊയിലാണ്ടി,സ്റ്റിൽസ്പ്രേംലാൽ പട്ടാഴി,പരസ്യക്കലകോളിൻസ് ലിയോഫിൽ,വിതരണം വർണ്ണച്ചിത്ര ബിഗ്സ്ക്രീൻ,പി ആർ ഒഎ എസ് ദിനേശ്.

# എൽ.ഇ.ഡി ബൾബും ട്യൂബും വിപണിയിലെത്തിച്ച് പിണവൂർകുടിയിലെ കുടുംബശ്രീ സംരംഭകർ




കൊച്ചി: തേജസ് എന്ന പേരിൽ എൽ.ഇ.ഡി ബൾബും ട്യൂബും വിപണിയിലെത്തിച്ചിരിക്കുകയാണ് പിണവൂർകുടിയിലെ കുടുംബശ്രീ സംരംഭകർ. പിണവൂർകുടി കസ്തൂർബ കുടുംബശ്രീ കൂട്ടായ്മയിലെ അംഗങ്ങളായ സുധ ശശികുമാർ, വത്സ പീതാബംരൻ, രാജി ഷിബു, ശാന്ത ചന്ദ്രൻ, രുക്മണി തങ്കപ്പൻ എന്നിവരുടെ നേതൃത്വത്തിലാണ് പുതിയ സംരഭം ആരംഭിച്ചിരിക്കുന്നത്.പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട ഇവർ കുടുംബശ്രീ വഴി ലഭിച്ച പരിശീലനത്തിൽ നിന്നാണ് പുതിയ സംരംഭത്തിലേക്ക് എത്തുന്നത്. കുട്ടമ്പുഴ ഗ്രാമ പഞ്ചായത്തിലെ പിണവൂർകുടിയിലാണ് എൽ.ഇ.ഡി നിർമ്മാണ യൂണിറ്റ് ക്രമീകരിച്ചിരിക്കുന്നത്. ബാങ്ക് ലോൺ എടുത്ത് സംരംഭം തുടങ്ങിയിക്കുന്ന ഇവർക്ക് സംരംഭ സഹായ പദ്ധതി വഴി പഞ്ചായത്ത് സബ്സിഡി ലഭ്യമാക്കിയിട്ടുണ്ട്. പൊതു വിപണിയിൽ ലഭിക്കുന്നതിനേക്കാൾ പത്ത് രൂപ കുറച്ചാണ് എൽ.ഇ.ഡി ബൾബുകളും ട്യൂബുകളും ഇവർ വിൽക്കുന്നത്. ഒരു വർഷത്തെ വാറന്റിയും നൽകുന്നു. പുതിയ ബൾബുകൾ നിർമ്മിക്കുന്നതിന് പുറമെ കേടായവ നന്നാക്കുകയും ഇവർ ചെയ്യുന്നുണ്ട്.നിലവിൽ ഓർഡറുകൾക്കനുസരിച്ചാണ് നിർമ്മാണം നടത്തുന്നത്. അടുത്ത ഘട്ടത്തിൽ കടകളിൽ ഉൾപ്പെടെ ബൾബുകൾ എത്തിച്ച് വിപണനം നടത്തുകയാണ് ലക്ഷ്യം. നല്ല പ്രതികരണമാണ് തങ്ങളുടെ ഉൽപന്നത്തിന് ലഭിക്കുന്നതെന്നും ഭാവിയിൽ സംരംഭം കൂടുതൽ വിപുലീകരിക്കുമെന്നും ഇവർ പറയുന്നു.

# ജില്ലയിലെ ആയുർവേദ ,ഹോമിയോ ഡിസ്പെൻസറികൾ മികച്ച നിലവാരത്തിലേക്ക്

**കൊച്ചി:** ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകൾ വഴി ജില്ലയിലെ ആയുർവേദ ഹോമിയോ ഡിസ്പെൻസറികൾ മികച്ച നിലവാരത്തിലേക്ക് ഉയർത്തുന്നു. ഗുണനിലവാരം ഉറപ്പാക്കി എൻ.എ.ബി.എച്ച് (നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആൻഡ് ഹെൽത്ത് കെയർ പ്രോവൈഡേഴ്സ് ) സർട്ടിഫിക്കേഷൻ നേടാനുള്ള ശ്രമത്തിലാണ് ജില്ലയിലെ എല്ലാ ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളും. പദ്ധതിയുടെ ആദ്യപടിയായി എട്ട് ഗവ. ആയുർവേദ ഡിസ്പെൻസറികളും നാല് ഗവ. ഹോമിയോ ഡിസ്പെൻസറികളും ഉൾപ്പടെ പന്ത്രണ്ട് ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകൾ എൻട്രി ലെവൽ പരിശോധനകൾക്കായി സജ്ജമായിക്കൊണ്ടിരിക്കുകയാണ്. എളംകുന്നപുഴ, എടവനക്കാട്, തൃക്കാക്കര, വല്ലാർപാടം, കീഴ്മാട് , മലയാറ്റൂർ, തുരുത്തിക്കര, പായിപ്ര എന്നീ ആയുർവേദ ഡിസ്പെൻസറികളുടെയും മരട്, മോനിപ്പള്ളി, വടവുകോട് , കുമ്പളങ്ങി എന്നീ ഹോമിയോ ഡിസ്പെൻസറികളുടെയും അടിസ്ഥാന സൗകര്യവികസനത്തിനായി നാഷണൽ ആയുഷ് മിഷൻ വഴി ഓരോ സ്ഥാപനത്തിനും 5 ലക്ഷം രൂപാ വീതം നൽകിയിട്ടുണ്ട്. എല്ലായിടത്തും യോഗാ പരിശീലകരുടെ സേവനവും നാഷണൽ ആയുഷ് മിഷൻ ഉറപ്പാക്കിയിട്ടുണ്ട്.പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്ന തദ്ദേശ സ്വയം ഭരണ പ്രതിനിധികളുടെ യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് ഉദ്ഘാടനം ചെയ്തു. ഭാരതീയ ചികിത്സാ വകുപ്പ് ഡി.എം.ഒ ഡോ. ഇ.എ സോണിയ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹോമിയോപ്പതി വകുപ്പ് ഡി.എം.ഒ ഡോ. മേഴ്സി ഗോൺസാൽവസ്, നാഷണൽ ആയുഷ് മിഷൻ ഡി.പി.എം (ജില്ലാ പ്രോഗ്രാം മാനേജർ) ഡോ. എം.എസ്. നൗഷാദ് എന്നിവർ പങ്കെടുത്തു.

# എടത്തല കുടുംബാരോഗ്യ കേന്ദ്രത്തിൽ സമ്പൂർണ്ണ മാനസികാരോഗ്യ ക്ലിനിക്ക്

**കൊച്ചി:** മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായം ലഭ്യമാക്കുന്നതിന് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് ജില്ലാ മാനസികാരോഗ്യ പരിപാടി. ഇതിന്റെ ഭാഗമായി എടത്തല കുടുംബാരോഗ്യ കേന്ദ്രത്തിൽ സമ്പൂർണ്ണ മാനസികാരോഗ്യ ക്ലിനിക്ക് ആരംഭിച്ചു. പ്രദേശത്ത് മാനസിക ബുദ്ധിമുട്ടുകൾ നേരിടുന്ന രോഗികൾക്ക് ആവശ്യമായ ചികിത്സ ലഭ്യമാക്കുക, ചികിത്സ മുടങ്ങിയവരെ കണ്ടെത്തി തുടർ ചികിത്സ ഉറപ്പുവരുത്തുക , ജനങ്ങൾക്കിടയിൽ മാനസികാരോഗ്യ ബോധവൽക്കരണം നടത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ക്ലിനിക്ക് പ്രവർത്തിക്കുക. പദ്ധതിയുടെ ഭാഗമായി ചികിത്സയ്ക്കായി പണം കണ്ടെത്താൻ ബുദ്ധിമുട്ടുന്നവർക്കും പകുതിയിൽ ചികിത്സ മുടങ്ങിയവർക്കും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സജ്ജീകരിച്ച ക്ലിനിക്കിലൂടെ സൗജന്യമായി ചികിത്സ സഹായങ്ങളും മരുന്നുകളും ലഭ്യമാക്കുന്നു. ആദ്യഘട്ടമെന്ന നിലയിൽ കുടുംബാരോഗ്യ കേന്ദ്രത്തിനു കീഴിൽ വരുന്ന വീടുകളിൽ പരിശീലനം നൽകിയ ആശാ പ്രവർത്തകർ മുഖേന സർവ്വേ നടത്തി. സർവേയിലൂടെ കണ്ടെത്തിയ രോഗികളെ സമ്പൂർണ്ണ മാനസികാരോഗ്യ ക്ലിനിക്കിന്റെ ഭാഗമായി നടത്തുന്ന ക്യാമ്പിൽ എത്തിക്കുകയും അവരെ പരിശോധനക്ക് വിധേയരാക്കുകയും ചെയ്യും.ഓരോ മാസവും ഒരു ക്യാമ്പ് വീതം തുടർച്ചയായി മൂന്ന് മാസങ്ങളിൽ ക്യാമ്പ് സംഘടിപ്പിക്കും മാനസികാരോഗ്യ വിദഗ്ധനും കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറും അടങ്ങുന്ന സംഘത്തിന്റെ നേതൃത്വത്തിലാണ് ഇവരെ പരിശോധനയ്ക്ക് വിധേയരാക്കുന്നത്. ശേഷം സമ്പൂർണ്ണ മാനസികാരോഗ്യ ക്ലിനിക്കിലൂടെ മാനസിക വിദഗ്ധൻ പരിശോധിച്ച രോഗികൾക്ക് സൗജന്യമായ തുടർചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു.

## കെ.ജി.ടി.ഇ. പ്രിന്റിംഗ് ടെക്നോളജി കോഴ്സുകളിലേയ്ക്ക് സീറ്റൊഴിവ്

**കൊച്ചി:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗും (സി ആപ്റ്റ്) സംയുക്തമായി ആരംഭിക്കു കേരള ഗവമെന്റ് അംഗീകാരമുള്ള ഒരു വർഷ കെ.ജി.റ്റി. ഇ. പ്രീപ്രസ്സ് ഓപ്പറേഷൻ ആന്റ് കെ.ജി.റ്റി.ഇ പ്രസ്സ് വർക്ക് 2023 2024 അധ്യയന വർഷം ആരംഭിക്കുന്ന കോഴ്സുകളിലേയ്ക്ക് സീറ്റൊഴിവ്. അപേക്ഷകർ എസ്.എസ്.എൽ.സി പാസായിരിക്കണം നൃൂതന സാങ്കേതിക അച്ചടി രംഗത്ത് തൊഴിൽ സാദ്ധ്യത ഏറെ ഉള്ള കോഴ്സാണ്സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ പരീക്ഷ കൺട്രോളർ സർട്ടിഫിക്കറ്റുകൾ നൽകുന്ന കോഴ്സിൽ പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റർഹ വിഭാഗങ്ങൾക്ക് നിയമാനുസൃത ഫീസ് ആനുകൂല്യം ലഭിക്കും. ഒ.ബി.സി./എസ്.ഇ.ബി.സി. മറ്റ് മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാനപരിധിക്കു വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും.അപേക്ഷാഫോറം, പ്രോസ്പെക്ടസ് എന്നിവ സെന്ററിന്റെ പരിശീലന വിഭാഗത്തിൽ നിന്ന് 100 രൂപക്ക് നേരിട്ടും, 135 രൂപയുടെ മണി ഓർഡറായി ഓഫീസർ ഇൻ ചാർജ്, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ഗവ. എൽ.പി. സ്കൂൾ കാമ്പസ്, തോട്ടക്കാട്ടുകര പി.ഒ., ആലുവ 683108 വിലാസത്തിൽ അയച്ചാൽ തപാൽ മാർഗ്ഗവും ലഭ്യമാകും. വിശദവിവരങ്ങൾ പരിശീലന വിഭാഗത്തിലെ (0484 2605322, 9605022555) എന്നീ ഫോൺ നമ്പറുകളിൽ ലഭ്യമാകും. പൂരിപ്പിച്ച അപേക്ഷ ലഭിക്കേ അവസാന തീയതി 05082023

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കണ്ണൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജി കണ്ണൂരിൽ (ഐ.ഐ.എച്ച്.ടി) ആരംഭിക്കുന്ന ക്ലോത്തിംഗ് ആന്റ് ഫാഷൻ ടെക്നോളജി കോഴ്സിന് ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഒരു വർഷക്കാലയളവുള്ള ഈ കോഴ്സിന് എസ്.എസ്.എൽ.സിയാണ് അടിസ്ഥാന യോഗ്യത. പ്രായപരിധി 35 വയസ്സ്. കോഴ്സ് പൂർത്തിയാകുന്ന മുറയ്ക്ക് വീവിംഗ്, പ്രോസസ്സിംഗ്, ഗാർമെന്റ് മേക്കിംഗ് ഫാക്ടറികളിൽ ജോലി സാധ്യതയുള്ള കോഴ്സാണിത്. കോഴ്സ് ഫീ കോഷൻ ഡെപ്പോസിറ്റ് ഉൾപ്പെടെ 21,200/ രൂപ. താൽപര്യമുള്ളവർ ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം ഇൻസ്റ്റിറ്റ്യൂട്ടിൽ നേരിട്ട് ഹാരാകണം. അവസാന തീയ്യതി 04.08.2023. വിശദവിവരങ്ങൾക്ക് വിലാസത്തിൽ ബന്ധപ്പെടുക. എക്സിക്യൂട്ടീവ് ഡയറക്ടർ ഇന്ത്യൻ ഇൻസ്റ്റിറ്റിറ്റിയൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി കണ്ണൂർ പി. ഒ. കിഴുന്ന, തോട്ടട ഫോ: 0497 2835390, വെബ്സൈറ്റ് www.iihtkannur.ac.in

### ഡിപ്ലോമ ഇൻ എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റ് കോഴ്സ് :ആഗസ്റ്റ് 10 വരെ അപേക്ഷിക്കാം

**കൊച്ചി:** സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2023 ജൂലൈ സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റിന് (DAM) പ്രോഗ്രാമിലേക്ക് പ്ലസ് ടു അഥവാ തത്തുല്യ യോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം. അംഗീകൃത പഠന കേന്ദ്രങ്ങളുടെ നേതൃത്വത്തിലാണ് സമ്പർക്ക ക്ലാസ്സുകൾ ക്രമീകരിച്ചിട്ടുള്ളത്. വിവിധ എയർപോർട്ടുകളിൽ ഇന്റേൺഷിപ്പ് ഈ പ്രോഗ്രാമിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ട്. പ്രോഗ്രാമിൽ മികവ് പുലർത്തുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള സേവനങ്ങളും എയർപോർട്ട് മാനേജ്മെന്റ് രംഗത്തുള്ള ഏജൻസികളുടെ സഹകരണത്തോടെ നടത്തുന്നതാണ്. ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കുന്നതിന് https://apps.rccc.in/register എന്ന ലിങ്കിലൂടെ കഴിയും https:/s/rccc.in/download എന്ന ലിങ്കിൽ നിന്നും അപേക്ഷാഫാറം ഡൗൺലോഡ് ചെയ്തും അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കേ അവസാന തീയതി 2023 ആഗസ്റ്റ് 10. വിശദവിവരങ്ങൾ തിരുവനന്തപുരം നന്ദാവനത്തുള്ള എസ്.ആർ.സി. ഓഫീസിൽ നേരിട്ടും ലഭിക്കും. വിലാസം ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം 33, ഫോൺ നം: 04712570471, 9846033009. വിശദാംശങ്ങൾ wwws.rccc.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

## കോഴ്സ് ആരംഭിക്കുന്നു

കൊച്ചി: കളമശ്ശേരി വനിത ഐ.ടി.ഐ യിൽ ഐ.എം.സി യ്ക്ക് കീഴിൽ പ്ലസ് ടു, ബിരുദ യോഗ്യതയുള്ള ആൺക്കുട്ടികൾക്കും, പെൺകുട്ടികൾക്കും ചുരുങ്ങിയ ചിലവിൽ കേന്ദ്ര സർക്കാർ അംഗീകാരത്തോടെ നടത്തുന്ന ഒരു വർഷത്തെ ഏവിയേഷൻ മാനേജ്മെന്റ് ആന്റ് ടിക്കറ്റിംഗ് കൺസൾട്ടന്റ് കോഴ്സിലേയ്ക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. താത്പര്യമുള്ള അപേക്ഷാർത്ഥികൾ നേരിട്ട് എത്തി അപേക്ഷ നൽകണം. വിശദവിവരങ്ങൾക്ക് 8301 8300 93

# ബ്രാൻഡ് മാർക്കറ്റിങ്ങിൽ സെഷനുമായി ഫയ: 80

**തിരുവനന്തപുരം:** ടെക്നോപാർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന നോളജ് കമ്യൂണിറ്റിയായ ഫയ: 80 ഈ മാസത്തെ സെഷനിൽ ബ്രാൻഡിങ്ങ്, ദ പവർ ഓഫ് സ്റ്റോറി ടെല്ലിങ്ങ് എന്ന വിഷയം ചർച്ച ചെയ്യും. ടെക്നോപാർക്കിലെ തേജസ്വിനി ബിൽഡിങ്ങിലെ ഫയ ഫ്ളോർ ഓഫ് മാഡ്നസിൽ നടക്കുന്ന സെഷന് ബ്രാൻഡ് മാർക്കറ്റിങ്ങ് കമ്മ്യൂണിക്കേഷൻ ലീഡർ ശ്രീജിത്ത് നായർ നേതൃത്വം നൽകും. ബ്രാൻഡ് മാർക്കറ്റിങ്ങിലെ വിവിധ സാധ്യതകളും ടെക്നോളജി, എ.ഐ തുടങ്ങിയവ എങ്ങനെ ഉപയോഗപ്പെടുത്താമെന്നും സെഷനിൽ ചർച്ച ചെയ്യും.

# ടെക്നോപാർക്കിലെ പ്രധാന റോഡ് തുറന്നു

THIRUVANANTHAPURAM TECHNOPARK® HARMONY@WORK

**തിരുവനന്തപുരം:** ടെക്നോപാർക്കിലെ പ്രധാന റോഡ് ജീവനക്കാർക്കായി തുറന്ന് കൊടുത്തു. നിള ബിൽഡിങ്ങിന് മുന്നിലുള്ള റൗനിനും തേജസ്വിനി ബിൽഡിങ്ങിനുമിടയ്ക്കുള്ള റോഡാണ് ഗതാഗതയോഗ്യമാക്കിയത്. സിഡാക്ക് ബിൽഡിങ്ങിന് സമീപം മണ്ണിടിച്ചിലുായതിനെത്തുടർന്ന് ഈ റോഡ് പുനർ‌ നിർമിക്കുകയായിരുന്നു. കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ)നായിരുന്നു നിർമാണ ചുമതല. മണ്ണിടിച്ചിൽ തടയാൻ ഗാബിയോൺ വാൾ ടെക്നോളജി ഉപയോഗിച്ചാണ് റോഡിന്റെ നിർമാണം പൂർത്തിയാക്കിയിരിക്കുന്നത്. ജീവനക്കാരെ ക്യാംപസിലേക്ക് തിരികെയെത്തിക്കാൻ ടെക്നോപാർക്ക് നടത്തുന്ന ബാക്ക് ടു ക്യാംപസ് പരിപാടികളുടെ ഭാഗമായാണ് ഇപ്പോൾ റോഡ് പൊതുഗതാഗതത്തിനായി തുറന്ന് നൽകിയിരിക്കുന്നത്.

# നിസാനും ആമസോൺ ടിവിയും ചേർന്ന് നൃത്തപ്രകടനം സംഘടിപ്പിച്ചു



**കൊച്ചി:** നിസാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ലിമിറ്റഡും ആമസോൺ മിനിടിവിയും ചേർന്ന് 'ഹിപ് ഹോപ്പ് ഇന്ത്യ' ഗിന്നസ് ലോക റെക്കോർഡിനായി ഡാൻസ് റിയാലിറ്റി ഷോ നടത്തി. 1870 നർത്തകർ ഒരുമിച്ച് 5 മിനിറ്റ് നൃത്തം ചെയ്താണ് റെക്കോർഡ് പ്രകടനം നടത്തിയത്. 2014ൽ യുഎസിലെ അലബാമയിൽ 1658 നർത്തകർ സ്ഥാപിച്ച റെക്കോർഡാണ് ഇതോടെ മറികടന്നത്. മുംബൈയിലെ ഫിലിംസിറ്റിയായിരുന്നു ഇന്ത്യയിലെ ആദ്യത്തെയും ഏറ്റവും വലിയ റിയാലിറ്റി ഷോ ആണ് ഹിപ്പ് ഹോപ്പ്. ഹിപ്പ് ഹോപ്പ് ഇന്ത്യയുടെ വിധികർത്താക്കളായ റെമോ ഡിസൂസയും നോറ ഫത്തേഹിയും പങ്കെടുത്തു. ഹിപ് ഹോപ് ഇന്ത്യയുടെ നിസാനും ചേർന്ന് ചരിത്രം സൃഷ്ടിച്ചിരിക്കുകയാണെന്ന് നിസ്സാൻ മോട്ടോഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ (എൻഎംഐപിഎൽ) മാർക്കറ്റിംഗ്, പ്രൊഡക്റ്റ്, കസ്റ്റമർ എക്സ്പീരിയൻസ് ഡയറക്ടർ ശ്രീ മോഹൻ വിൽസൺ പറഞ്ഞു. ഇന്ത്യയ്ക്കും ആമസോൺ മിനി ടിവിക്കും അഭിമാനകരമായ നിമിഷമാണിതെന്നും ഹിപ് ഹോപിന്റെ വിജയമാണിതെന്നും ആമസോൺ അഡ്വർടൈസിംഗ് മേധാവി ഗിരീഷ് പ്രഭു പറഞ്ഞു

# കാർട്ടൂണിസ്റ്റ് ശങ്കറിന്റെ ജന്മദിന ആഘോഷം 29 മുതൽ കായംകുളത്ത്



**കായംകുളം:** കാർട്ടൂണിസ്റ്റ് ശങ്കറിന്റെ സ്മരണയ്ക്ക് ജന്മനാട് ഒരുങ്ങുന്നു. കായംകുളം നഗരസഭയുടെ നൂറാം ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി കാർട്ടൂണിസ്റ്റ് ശങ്കറിന്റെ 121ാം ജന്മദിനം വിപുലമായി ആഘോഷിക്കുവാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി കേരള ലളിതകലാ അക്കാദമി, സാംസ്കാരിക വകുപ്പ് എന്നിവരുടെ സഹകരണത്തോടെ കായംകുളം നഗരസഭ മൂന്നു ദിവസത്തെ വലിയ ആഘോഷ പരിപാടിക്ക് തന്നെ രൂപം കൊടുത്തിരിക്കുകയാണ്.കായംകുളം നഗരസഭ പരിപാടിയുടെ വിജയത്തിനായി എല്ലാ കൗൺസിൽ അംഗങ്ങളേയും സംഘടനാ പ്രതിനിധികളേയും ഉൾപ്പെടുത്തി സ്വാഗത സംഘം രൂപീകരിച്ചു. ജൂലൈ 29ന് രാവിലെ കാർട്ടൂണിസ്റ്റ് ശങ്കർ പഠിച്ച കായംകുളം ഗവൺമെന്റ് ബോയ്സ് സ്കൂൾ അങ്കണത്തിൽ കുട്ടികൾക്കായുള്ള ഏകദിന ശില്പശാല നടത്തും. പ്രമുഖ മാധ്യമപ്രവർത്തകനും കായംകുളം സ്വദേശിയുമായ എ ജെ ഫിലിപ്പ് കാർട്ടൂണിസ്റ്റ് ശങ്കറിനെ കുട്ടികൾക്ക് പരിചയപ്പെടുത്തും. ചലച്ചിത്രതാരവും നടനുമായ മനു ജോസ് ശങ്കറിന്റെ കഥകൾ അവതരിപ്പിക്കും. ചെറുപ്പകാലത്ത് കായംകുളത്ത് ഉണ്ടായ തന്റെ അനുഭവങ്ങൾ കാർട്ടൂണിസ്റ്റ് ശങ്കർ തന്നെ ചിത്രീകരണം നടത്തി കുട്ടികൾക്കായി എഴുതിയിട്ടുണ്ട്. ഇതിൽനിന്നുള്ള തെരഞ്ഞെടുത്ത കഥകളാണ് മനു ജോസ് അവതരിപ്പിക്കുക. പ്രമുഖ കാർട്ടൂണിസ്റ്റുകളായ മനോജ് മത്താശ്ശേരിയും കാർത്തിക കറ്റാനവും കുട്ടികൾക്കായി വരയുടെ ലഘു വിവരണങ്ങൾ നൽകും. തുടർന്ന് കേരളത്തിലെ പ്രമുഖരായ കാർട്ടൂണിസ്റ്റുകളോടൊപ്പം കുട്ടികൾ ലഹരി വിരുദ്ധ കാർട്ടൂണുകൾ വരയ്ക്കും.ശനിയാഴ്ച്ച വൈകുന്നേരം ആറുമണിക്ക് കായംകുളം ഗവൺമെന്റ് സ്കൂൾ അങ്കണത്തിൽ നടക്കുന്ന സാംസ്കാരിക സമ്മേളനത്തിൽ കേരളത്തിന്റെ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പരിപാടികൾ ഔപചാരികമായി ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ കായംകുളം നഗരസഭാ അധ്യക്ഷ ശശികല അധ്യക്ഷ ആയിരിക്കും. സമ്മേളനത്തെ തുടർന്ന് കലാ പരിപാടികളും ഒരുക്കിയിട്ടുണ്ട്.കേരളത്തിലെ പ്രമുഖരായ 14 കാർട്ടൂണിസ്റ്റുകൾ പങ്കെടുക്കുന്ന ക്യാമ്പിൽ കേരള ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ പങ്കെടുത്ത് കാർട്ടൂൺ പ്രദർശനത്തിന്റെ ഉദ്ഘാടനം ജൂലൈ 30 ഞായറാഴ്ച രാവിലെ 9 മണിക്ക് നിർവ്വഹിക്കും. ശങ്കർ സ്മാരക കാർട്ടൂൺ മ്യൂസിയത്തിൽ ജൂലൈ 30ന് തുടങ്ങുന്ന ഒരു മാസം നീണ്ടുനിൽക്കുന്നതാണ് കാർട്ടൂൺ പ്രദർശനം. പ്രദർശനത്തിലുള്ള കാർട്ടൂണുകൾ നാല് ഭാഗങ്ങൾ ആയി തിരിച്ചിട്ടുണ്ട്. മാസ്റ്റർ വിഭാഗത്തിൽ മലയാള കാർട്ടൂണിന്റെ വളർച്ചയ്ക്ക് നിർണ്ണായക സംഭാവന നൽകിയ 30 കാർട്ടൂണിസ്റ്റുകളുടെ ഓരോ സൃഷ്ടികൾ ഉണ്ട്. സമകാലീന കാർട്ടൂൺ വിഭാഗത്തിൽ 30 മലയാളി കാർട്ടൂണിസ്റ്റുകളുടെ ഓരോ സൃഷ്ടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ കാർട്ടൂൺ വിഭാഗങ്ങൾ മൺമറഞ്ഞവരുൾപ്പെടെ മുപ്പത് കാർട്ടൂണിസ്റ്റുകളുടെ സൃഷ്ടികളും അന്തർദ്ദേശീയ കാർട്ടൂൺ വിഭാഗത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട മുപ്പത് കാർട്ടൂണുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ അക്കാദമി സംസ്ഥാന പ്രദർശനത്തിൽ പങ്കെടുത്തവരുടേയും കായംകുളം ശങ്കർ സ്മാരക ഗ്യാലറിയിൽ നടന്നുകൊണ്ടിരിക്കുന്ന ക്യാമ്പിൽ പങ്കെടുക്കുന്നവരുടേയും കാർട്ടൂണുകൾ പ്രദർശനത്തിലുണ്ട്. അന്തർദേശീയ വിഭാഗത്തിലുള്ളത് സമീപകാലത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട 30 വിഷയങ്ങളെ ആസ്പദമാക്കിയ 30 കാർട്ടൂണിസ്റ്റുകളുടെ 30 സൃഷ്ടികളാണ് കാർട്ടൂണിസ്റ്റ് ശങ്കറിന്റെ ജന്മദിനമായ ജൂലൈ 31ന് രാവിലെ ശങ്കർ മ്യൂസിയത്തിൽ നടക്കുന്ന ചടങ്ങിൽ മുൻ സാംസ്കാരിക വകുപ്പ് മന്ത്രി എം.എ. ബേബി മുഖ്യാതിഥിയായി പങ്കെടുക്കും. കാർട്ടൂണിസ്റ്റ് ശങ്കറിന്റെ ജീവിതകഥ തയ്യാറാക്കിയ കാർട്ടൂണിസ്റ്റ് സുധീർനാഥ് ആണ് ക്യാമ്പിന്റെയും പ്രദർശനത്തയും ക്യൂറേറ്റർ. കുട്ടികളുടെ ക്യാമ്പിൽ പ്രവേശനം സൗജന്യമാണ്. 12ാം തരം വരെയുള്ള കുട്ടികൾക്കാണ് ക്യാമ്പിൽ പ്രവേശനം ഉണ്ടാകുക. കേരളത്തിലെ പ്രമുഖരായ 14 കാർട്ടൂണിസ്റ്റുകൾക്കൊപ്പം ദേശിയ തലത്തിലുള്ള കാർട്ടൂണിസ്റ്റുകളും കായംകുളത്ത് നടക്കുന്ന ക്യാമ്പിൽ പങ്കെടുക്കും.

# 'വർണ്ണ വൃക്ഷ ദേവ വൃക്ഷ' ഏകാംഗ ചിത്ര, ശില്പ പ്രദർശനം

**കോഴിക്കോട് :**കേരള ലളിതകലാ അക്കാദമി അവതരിപ്പിക്കുന്ന പതിയത്ത് ശശികുമാറിന്റെ (എസ് കെ ശശി) 'വർണ്ണ വൃക്ഷ ദേവ വൃക്ഷ' ഏകാംഗ ചിത്രശില്പ പ്രദർശനം അക്കാദമിയുടെ കോഴിക്കോട് ആർട്ട് ഗാലറിയിൽ ജൂലൈ 26 മുതൽ ആരംഭിക്കും. കേരള ലളിതകലാ അക്കാദമിയുടെ 2022-23ലെ സമകാലിക ഏകാംഗസംഘ പ്രദർശന പദ്ധതിയുടെ ഭാഗമായാണ് പ്രദർശനം സംഘടിപ്പിച്ചിട്ടുള്ളത്. പ്രദർശനത്തിന്റെ ഉദ്ഘാടനം ജൂലായ് 26ന് ഉച്ചകഴിഞ്ഞ് 3.30ന് അക്കാദമി നിർവാഹക സമിതി അംഗം സുനിൽ അശോകപുരം നിർവ്വഹിക്കും. ചടങ്ങിൽ ചിത്രകാരൻ കെ. സുധീഷ് അദ്ധ്യക്ഷത വഹിക്കും. കലാ ഗവേഷകയായ മെൽബിൻ തോമസാണ് പ്രദർശനം ക്യൂറേറ്റ് ചെയ്യുന്നത്. പ്രദർശനത്തിൽ കലാകാരന്റെ നാൽപ്പത്തിയഞ്ചോളം ചിത്രങ്ങളും തിരഞ്ഞെടുത്ത ശില്പങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ശശികുമാറിന്റെ ചിത്രങ്ങളും ശില്പങ്ങളും വളരെ ലളിതമായ ഭാഷയിലുള്ളതും, കാഴ്ചക്കാർക്ക് പരിചിതമായ ലോകത്തിന്റെ വിചിന്തിതമായ ചിത്രീകരണങ്ങളുമാണ്. വളരെ പരിചിതമായ ഒന്നിന്റെ പുതുതായ ഒരു ദൃശ്യതലം ശശികുമാർ തന്റെ ചിത്രങ്ങളിൽ ഒരുക്കിയിരിക്കുന്നു. കലാകാരൻ തന്റെ ജീവിതവഴിയിൽ ഒപ്പിയെടുത്ത നിറങ്ങളും രൂപങ്ങളും വിഷയങ്ങളും ചിത്രതലത്തിൽ പരുവ പ്പെടുത്തിയിരിക്കുന്നതാണ് ഈ രചനകൾ. ജലച്ഛായത്തിലും അക്രിലിക്കിലുമുള്ള ചിത്രങ്ങളും ടെറാക്കോട്ട ശില്പങ്ങളും അനായാസമായ കൈത്തഴക്കത്തോടെ ചെയ്തെടുത്തവയാണ്. ഭാവനാത്മകമോ സ്വപ്നതുല്യമോ ആയ നിറങ്ങളിൽ, രൂപങ്ങൾ കോർത്തിണക്കി ജീവിതാഴങ്ങൾ പ്രകാശിപ്പിക്കുന്നതായാണ് ശശികുമാറിന്റെ ചിത്രങ്ങളുടെ ഒറ്റനോട്ടത്തിൽ തന്നെയുള്ള ദൃശ്യാനുഭവം.തന്റെ ചെറുപ്പകാലവും തെയ്യവും തിറയും ഉത്സവങ്ങളും കളമെഴുത്തും പുള്ളുവൻ പാട്ടും, നിത്യേന കേൾക്കുന്ന ഭീതിപ്പെടുത്തുന്ന യുദ്ധവാർത്തകളും ചിത്രങ്ങളും, സമകാലീന കലാ മേഖലയുമൊക്കെ ശശികുമാർ തന്റെ ചിത്രങ്ങളിലൂടെയും ശില്പങ്ങളിലൂടെയും പ്രകാശിപ്പിക്കുന്നു.കോഴിക്കോട് ജില്ലയിൽ എരഞ്ഞിപ്പാലം സ്വദേശിയായ പതിയത്ത് ശശികുമാർ, ഹൈസ്കൂൾ വിദ്യാഭ്യാസത്തിനും പ്രീ ഡിഗ്രിക്കും ശേഷം യൂണിവേഴ്സൽ ആർട്സിൽ ചിത്രകലാ വിദ്യാഭ്യാസവും ബാംഗ്ലൂർ ടെക്നിക്കൽ ഡിസൈൻ സെന്ററിൽ നിന്നും ടെറാക്കോട്ട സെറാമിക്സ് പരിശീലനവും പൂർത്തിയാക്കി. പിന്നീട് ബാംഗളൂരിൽ ടെക്നിക്കൽ ഡിസൈനർ ആയും കേരളത്തിൽ പത്രമാസികകളിൽ ലേഔട്ട് ആർട്ടിസ്റ്റായും ജോലി ചെയ്തു. മലപ്പുറം വരക്കൂട്ടം ആർട്സ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടന്ന വൃദ്ധസദനത്തിലെ ആർട്ട് ക്യാമ്പ്, കോഴിക്കോട് ടൂറിസം പ്രമോഷന്റെ ഭാഗമായി നടത്താറുള്ള ചിത്ര കൂട്ടായ്മ, 2018ലെ കേരള ലളിത കലാ അക്കാദമി ആർട്ട് ക്യാമ്പ് എന്നിവയിൽ പങ്കെടുത്തിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിലും സ്കൂളുകളിലും സിമന്റ് മ്യൂറലുകളും ചിത്രങ്ങളും വരച്ചു നൽകിയിട്ടുണ്ട്.എ സി കെ രാജ അവാർഡ് ഫോർ സ്കൾപ്ചർ, ബെസ്റ്റ് ഇലസ്ട്രേറ്റർ അവാർഡ് (പ്രിയദർശിനി മാസിക), മികച്ച ആർട്ട് ഡയറക്ടറിനുള്ള അവാർഡ് (അതിരുകൾ ടെലിഫിലിം) എന്നിവ നേടിയിട്ടുണ്ട്.പ്രദർശനം ആഗസ്റ്റ് 4 ന് സമാപിക്കും. പ്രദർശനസമയം രാവിലെ 11 മണി മുതൽ വൈകുന്നേരം 7 മണി വരെയാണ്.

## ഇന്ത്യയിൽ ഡാറ്റാ സെന്റർ ബിസിനസ്:

# റിലയൻസ്– ബ്രൂക്ക്ഫീൽഡ് ഇൻഫ്രാസ്ട്രക്ചർ, ഡിജിറ്റൽ റിയാലിറ്റി ധാരണ

**കൊച്ചി/ മുംബൈ:** ഇന്ത്യയിൽ ഡാറ്റാ സെന്ററുകൾ വികസിപ്പിക്കുന്നതിനായി റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ബ്രൂക്ക്ഫീൽഡ് ഇൻഫ്രാസ്ട്രക്ചർ, ഡിജിറ്റൽ റിയാലിറ്റി എന്നിവരുമായി കരാറിൽ ഏർപ്പെട്ടു. ഇന്ത്യയിലെ ഡാറ്റാ സെന്ററുകൾക്കായുള്ള എസ് പി വി കളിലാണ് റിലയൻസ് നിക്ഷേപിക്കുന്നത്. ഓരോ ഇന്ത്യൻ എസ് പി വി കളിലും റിലയൻസ് 33.33% ഓഹരികൾ കൈവശം വയ്ക്കുകയും തുല്യ പങ്കാളിയാകുകയും ചെയ്യും. 'ഡിജിറ്റൽ കണക്ഷൻ: എ ബ്രൂക്ക്ഫീൽഡ്, ജിയോ ആൻഡ് ഡിജിറ്റൽ റിയാലിറ്റി കമ്പനി' എന്നാണ് സംരംഭത്തെ ബ്രാൻഡ് ചെയ്തിരിക്കുന്നത്. ആഗോള തലത്തിൽ ക്ലൗഡ്, കാരിയർന്യൂട്രൽ ഡാറ്റാ സെന്റർ, കോളോക്കേഷൻ, ഇന്റർകണക്ഷൻ സൊല്യൂഷനുകൾ എന്നിവയുടെ ഏറ്റവും വലിയ ദാതാവാണ് ഡിജിറ്റൽ റിയാലിറ്റി. 27 രാജ്യങ്ങളിലായി 300+ ഡാറ്റാ സെന്ററുകളുമ് . രാജ്യാന്തര തലത്തിൽ ഏറ്റവും വലിയ ഇൻഫ്രാസ്ട്രക്ചർ നിക്ഷേപകരിൽ ഒന്നാണ് ബ്രൂക്ക്ഫീൽഡ് ഇൻഫ്രാസ്ട്രക്ചർ. ഡിജിറ്റൽ റിയാലിറ്റിക്ക് ബ്രൂക്ക്ഫീൽഡ് ഇൻഫ്രാസ്ട്രക്ചറുമായി സംയുക്ത സംരംഭമു് , ഇന്ത്യയിലെ എന്റർപ്രൈസുകളുടെയും ഡിജിറ്റൽ സേവന കമ്പനികളുടെയും നിർണായക ഇൻഫ്രാസ്ട്രക്ചർ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഉയർന്ന നിലവാരമുള്ള ഡാറ്റാ സെന്ററുകൾ വികസിപ്പിക്കാൻ റിലയൻസിന്റെ പങ്കാളിത്തത്തിലൂടെ സാധിക്കും.ഈ സംയുക്ത സംരംഭം ഇന്ത്യയിലെ ഒന്നിലധികം സ്ഥലങ്ങളിൽ ലോകോത്തര ഡാറ്റാ സെന്ററുകൾ വികസിപ്പിക്കും. ആദ്യഘട്ടത്തിൽ ചെന്നൈയിലും മുംബൈയിലും ആകും ഡാറ്റാ സെന്ററുകൾ സ്ഥാപിക്കുക.റെഗുലേറ്ററി അംഗീകാരങ്ങൾക്ക് വിധേയമായാണ് തുടർ നടപടികൾ.ഏകദേശം 3 മാസത്തിനുള്ളിൽ ഇത് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതായി റിലയൻസ് അധികൃതർ വ്യക്തമാക്കി.

# ആലിയ ഭട്ട് സൂപ്പർബോട്ടംസിന്റെ ബ്രാൻഡ് അംബാസിഡർ




**കൊച്ചി:** സൂപ്പർസ്റ്റാർ ആലിയ ഭട്ട് ഇന്ത്യയിലെ മുൻനിര ബേബി ആൻറ് മം കെയർ ബ്രാൻഡ് ആയ സൂപ്പർബോട്ടംസിന്റെ ബ്രാൻഡ് അംബാസിഡറാകും. സൂപ്പർബോട്ടംസ് സ്ഥാപകയും സിഇഒയുമായ പല്ലവി ഉതാഗിയുമായി നിക്ഷേപകയെന്ന നിലയിലും ആലിയ ഭട്ട് സഹകരിക്കും. ഗിൽട്ട് രഹിത ഡയപറുമായി ഈ രംഗത്ത് ഇന്ത്യയിൽ വിപ്ലവം തന്നെ സൃഷ്ടിച്ച സൂപർബോട്ടംസ് 100 ശതമാനം ഓർഗാനിക് കോട്ടൺ ക്ലോത്ത് ഡയപറുകളാണ് കുട്ടികൾക്കായി ലഭ്യമാക്കുന്നത്.ഒരു അമ്മ എന്ന നിലയിൽ കുട്ടികൾക്ക് ഏറ്റവും മികച്ചതു നൽകാൻ തങ്ങൾക്കു ബാധ്യതയുന്നെും സൂപ്പർബോട്ടംസുമായി സഹകരിക്കാൻ തനിക്ക് അഭിമാനമുന്നെും ആലിയ ഭട്ട് പറഞ്ഞു.ആലിയ ഭട്ടുമായുള്ള സഹകരണം തങ്ങളുടെ ലക്ഷ്യത്തിലേക്കുള്ള പാത കൂടുതൽ സുഗമമാക്കുമെന്ന് പല്ലവി ഉതാഗി പ്രതികരിച്ചു.

# മെൻസ് വെയർ വിപണി കീഴടക്കാൻ ലക്ഷ്യമിട്ട് മലയാളി സ്റ്റാർട്ടപ്പ് ജി ആൻഡ് എ

**കൊച്ചി:** ആഗോള വസ്ത്ര വിപണിയിൽ പുതു ചുവടുവെപ്പുമായി കേരളം ആസ്ഥാനമായ മെൻസ് വെയർ സ്റ്റാർട്ടപ്പ് സംരംഭമായ ജിയാക്ക ആന്റ് അബിറ്റോ സാർട്ടോറിയാൽ (ജി ആൻഡ് എ). ആഗോള വിപണിയിലേക്ക് ഏറ്റവും മികച്ച പ്രീമിയം വസ്ത്രങ്ങൾ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് വിപുലീകരണം. ആദ്യ ഘട്ടത്തിൽ ന്യൂസിലാന്റ് വിപണിയാണ് ജി ആൻഡ് എ ലക്ഷ്യമിടുന്നത്.ഓസ്ട്രേലിയ, ഗൾഫ് എന്നിവിടങ്ങളിലേക്ക് കൂടി വിപുലീകരിക്കാനുള്ള ശ്രമങ്ങളുടെ മുന്നോടിയായാണ് ന്യൂസിലാന്റിലേക്ക് വിപണി വ്യാപിപ്പിക്കുന്നത്. ജി ആന്റ് എയുടെ ക്യാഷൽ ബ്രാന്റായ ബെയർ ബ്രൗണിന്റെ മിസ്റ്റർ ബ്രൗൺ ശ്രേണിയിലെ വസ്ത്രങ്ങളാണ് ന്യൂസിലാന്റ് മാർക്കറ്റിൽ പ്രധാനമായും വിറ്റഴിക്കാൻ ലക്ഷ്യമിടുന്നത്. യുവ തലമുറയുടെ പ്രതീകമായിട്ടാണ് മിസ്റ്റർ ബ്രൗണിനെ ജി ആന്റ് എ അവതരിപ്പിക്കുന്നത്. ബെയർ ബ്രൗണിന് പുറമേ മറ്റൊരു ബ്രാന്റായ 'ടി ദ ബ്രാന്റി'ലും ക്യാഷൽ, ഫോർമൽ, പോളോ ഇനങ്ങളിലെ വൈവിധ്യമാർന്ന പ്രീമിയം കളക്ഷൻ ഒരുക്കിയിട്ടുണ്ട്. യുവാക്കൾക്ക് പുറമേ ഏത് പ്രായക്കാർക്കും ഇണങ്ങുന്ന തരത്തിലുള്ള വസ്ത്രങ്ങളാണ് വിപണിയിൽ എത്തിക്കുന്നതെന്ന് ജി ആന്റ് എ സ്ഥാപകനും സി.ഇ.ഓയുമായ ശ്രീജിത് ശ്രീകുമാർ പറഞ്ഞു.ആദ്യ ഘട്ടത്തിൽ ഓൺലൈൻ വിപണിയാണ് ജി ആന്റ് എ ലക്ഷ്യമിടുന്നത്. www.barebrownandtea.com എന്ന ഔദ്യോഗിക വെബ്സൈറ്റിലാണ് ഇതിനുള്ള സൗകര്യം ഒരുക്കിയിട്ടുള്ളത്. ഭാവിയിൽ കൂടുതൽ ഓഫ്ലൈൻ സ്റ്റോറുകൾ ആരംഭിക്കാനും പദ്ധതിയുണ്ട്.ഓസ്ട്രേലിയയുമായുള്ള സാമീപ്യവും സർക്കാർ സംവിധാനങ്ങളുടെ സഹകരണവുമാണ് ന്യൂസിലന്റിലേക്ക് വിപണി വിപുലീകരിക്കാൻ തീരുമാനിച്ചതിന് പിന്നിലെന്നും ശ്രീജിത് ശ്രീകുമാർ പറഞ്ഞു. ജനസംഖ്യ കുറവുള്ള രാജ്യമായതിനാൽ മിക്ക ബ്രാന്റുകൾക്കും ന്യൂസിലാന്റ് വിപണിയോട് താൽപര്യം കാണിക്കുന്നില്ല. അതേസമയം ഉപഭോക്താക്കൾക്ക് തങ്ങളുടെ ബഡ്ജറ്റിൽ നിന്ന് കൊണ്ട് ഏറ്റവും മികച്ച പ്രീമിയം ഉൽപ്പന്നങ്ങൾ സ്വന്തമാക്കാനുള്ള സാഹചര്യം ഒരുക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# തമിഴ്നാട് മർക്കൻറൈൽ ബാങ്കിൻറെ അറ്റാദായത്തിൽ 11.54 ശതമാനം വർധനവ്

**കൊച്ചി:** തമിഴ്നാട് മർക്കൻറൈൽ ബാങ്ക് നടപ്പു സാമ്പത്തിക വർഷത്തിൻറ ആദ്യ ത്രൈമാസത്തിൽ 261.23 കോടി രൂപ അറ്റാദായം കൈവരിച്ചു. വാർഷികാടിസ്ഥാനത്തിൽ 11.54 ശതമാനം വർധനവാണിത്. അറ്റ നിഷ്ക്രിയ ആസ്തികൾ 0.66 ശതമാനമെന്ന നിലയിലും എത്തിയിട്ടു്. ആദ്യ ത്രൈമാസത്തിലെ ബാങ്കിൻറെ ആകെ ബിസിനസ് 9.40 ശതമാനം വർധിച്ച് 84,300 കോടി രൂപയിലും എത്തിയിട്ടു്. ആകെ നിക്ഷേപങ്ങളുടെ കാര്യത്തിൽ 8.73 ശതമാനവും വായ്പകളുടെ കാര്യത്തിൽ 10.26 ശതമാനവും വർധനവാണുള്ളത്.ബാങ്കിന് 17 സംസ്ഥാനങ്ങളിലും 4 കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 12 റീജണൽ ഓഫീസുകളും 536 ശാഖകളുമാണുള്ളത്. 50 ലക്ഷത്തിലേറെ ഉപഭോക്താക്കളാണ് തൂത്തുക്കുടി ആസ്ഥാനമായ 100 വർഷത്തിലേറെ പ്രവർത്തന പാരമ്പര്യമുള്ള ബാങ്കിനുള്ളത്.

# സിയാൽ കൾച്ചറൽ ഫോറത്തിന് തുടക്കം

**കൊച്ചി:** കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് കൾച്ചറൽ ഫോറത്തിന് തുടക്കമിട്ടു. വിമാനത്താവള ജീവനക്കാരുടെ കലാ സാംസ്ക്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, വിമാനത്താവളത്തിൽ യാത്രക്കാർക്ക് ആസ്വദിക്കത്തക്കവിധം കലാമേളകൾ സംഘടിപ്പിക്കുക എന്നിവയാണ് കൾച്ചറൽ ഫോറത്തിന്റെ ഉദ്ദേശ്യം.സിയാൽ മാനേജിങ് ഡയറക്ടർ എസ്.സുഹാസ് കൾച്ചറൽ ഫോറം ഉദ്ഘാടനം ചെയ്തു. എക്സിക്യൂട്ടീവ് ഡയറക്ടർ ജയരാജൻ വി, സി.എഫ്.ഒ സജി ഡാനിയൽ, ഫോറം കോഓഡിനേറ്റർ രാജുമോൻ പി .സി, എയർപോർട്ട് ഡയറക്ടർ മനു ജി.എന്നിവർ പങ്കെടുത്തു. തുടർന്ന്, സിയാൽ കാർഗോവിഭാഗം ജീവനക്കാരനും കഥകളി നടനുമായ സൈബിൻ പി.ബി. യുടെ നേതൃത്വത്തിൽ കലാമണ്ഡലത്തിലെ കലാകാരൻമാർ അവതരിപ്പിച്ച 'ശ്രീരാമ പട്ടാഭിഷേകം ' കഥകളി ടെർമിനൽ വൺ ന്റെ നടുമുറ്റത്ത് അരങ്ങേറി.




# ആമസോൺ ഗ്ലോബലിന്റെ ഇന്ത്യൻ കയറ്റുമതിയിൽ 70 ശതമാനം വളർച്ച

**കൊച്ചി:** ജൂലൈ 11, 12 തീയ്യതികളിലായി ആഗോള തലത്തിൽ നടത്തിയ ആമസോൺ പ്രൈം ഡേ 2023 വഴി ഇന്ത്യൻ കയറ്റുമതിക്കാർ 45,000ത്തിൽ ഏറെ ഉൽപന്നങ്ങൾ വിൽപന നടത്തി. വാർഷികാടിസ്ഥാനത്തിൽ 70 ശതമാനത്തിലേറെ ബിസിനസ് വളർച്ചയാണ് ഇതിലൂടെ കൈവരിച്ചത്. ആമസോൺ ഗ്ലോബൽ വഴിയുള്ള ഈ വിൽപനയിൽ 125 ശതമാനം വാർഷിക വളർച്ചയോടെ ബ്യൂട്ടി വിഭാഗമാണ് ഏറ്റവും മുന്നിൽ നിന്നത്. വസ്ത്രങ്ങൾ 122 ശതമാനവും ഹോം വിഭാഗം 81 ശതമാനവും, ഫർണിച്ചർ വിഭാഗം 75 ശതമാനവും കിച്ചൺ വിഭാഗം 52 ശതമാനവും വാർഷിക വളർച്ച കൈവരിച്ചു.വടക്കേ അമേരിക്ക, യൂറോപ്പ്, മിഡിൽ ഈസ്റ്റ്, ജപ്പാൻ തുടങ്ങിയ വിപണികളിലുടനീളമുള്ള ആമസോൺ ഉപഭോക്താക്കൾ, ഇന്ത്യൻ കയറ്റുമതിക്കാരിൽ നിന്ന് വിവിധ വിഭാഗങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ വാങ്ങാനിടയായത് ഇന്ത്യൻ കയറ്റുമതിക്കാരുടെ ബിസിനസ് വളർച്ചയ്ക്ക് കാരണമായി. വിൽപനക്കാർ ഏകദേശം 55% ബിസിനസ് വളർച്ച കുകൊ് ജപ്പാൻ പുതിയ ഉയർന്ന വളർച്ചാ ലക്ഷ്യസ്ഥാനമായി ഉയർന്നു.ചെറുകിട സംരംഭങ്ങൾ ഇകോമേഴ്സ് കയറ്റുമതി കൂടുതലായി പ്രയോജനപ്പെടുത്തി വരുന്നതിൻറെ സൂചനയാണ് ഈ വളർച്ച. ആഗോള തലത്തിൽ 200 ദശലക്ഷത്തിലേറെ ആമസോൺ പ്രൈം അംഗങ്ങളുള്ളതിനാൽ പ്രൈം ഡേ വിൽപന ഇന്ത്യൻ കയറ്റുമതിക്കാർക്ക് എന്നും വളർച്ചയ്ക്ക് അവസരം ഒരുക്കാറുന്നെ് ഇതേക്കുറിച്ചു പ്രതികരിക്കവെ ആമസോൺ ഇന്ത്യ ഗ്ലോബൽ ട്രേഡ് ഡയറക്ടർ ഭൂപെൻ വകാൻകർ പറഞ്ഞു.

# കേരള സ്റ്റാർട്ട് അപ്പ് മിഷനും ഐഎഫ്എസ്സിഎ യും ധാരണാപത്രം ഒപ്പിട്ടു

## ധാരണാപത്രത്തിലൂടെ ഫിൻടെക് സ്റ്റാർട്ടപ്പുകൾക്ക് ഐഎഫ്എസ് സിഎയിൽ നിന്ന് സാങ്കേതിക ഉപദേശം നേടാനും. വിദേശ ഫിൻടെക് റെഗുലേറ്റിംഗ് സ്ഥാപനങ്ങളുമായി ആശയവിനിമയം നടത്താനും സാധിക്കും



**കൊച്ചി:** ഫിൻടെക് കമ്പനികൾക്ക് മികച്ച സഹകരണം വാഗ്ദാനം ചെയ്യുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷനും ഇൻറർനാഷണൽ ഫിനാൻഷ്യൽ സർവീസസ് സെൻറേഴ്സ് അതോറിറ്റി(ഐഎഫ്എസ്സിഎ)യുമായി ധാരണാപത്രം ഒപ്പിട്ടു. ഐഎഫ്എസ് സിഎ യുടെ വിവിധ പദ്ധതികളുമായി സഹകരിക്കാനും ധനസഹായം ആഗോള വാണിജ്യബന്ധം എന്നിവ ഉപയോഗപ്പെടുത്താനും ഫിൻടെക് സ്റ്റാർട്ടപ്പുകൾക്ക് സാധിക്കും.കളമശ്ശേരിയിലെ ടെക്നോളജി ഇനോവേഷൻ സോണിൽ നടന്ന ചടങ്ങിൽ കെഎസ്യുഎം സിഇഒ അനൂപ് അംബിക, ഐഎഫ്എസ്സിഎ ചീഫ് ടെക്നിക്കൽ ഓഫീസർ ജോസഫ് കോശി എന്നിവർ ധാരണാപത്രം കൈമാറി.ധാരണാപത്രത്തിലൂടെ ഫിൻടെക് സ്റ്റാർട്ടപ്പുകൾക്ക് ഐഎഫ്എസ് സിഎയിൽ നിന്ന് സാങ്കേതിക ഉപദേശം നേടാൻ സാധിക്കും. ഐഎഫ്എസ്സിഎയുടെ ഉഭയകക്ഷി ധാരണപ്രകാരമുള്ള വിദേശ ഫിൻടെക് റെഗുലേറ്റിംഗ് സ്ഥാപനങ്ങളുമായി ആശയവിനിമയം നടത്താനും സാധിക്കും.ഐഎഫ്എസ്സിഎയുടെ ഫിൻടെക് ധനസഹായപദ്ധതിയിലേക്കും നിശ്ചിത യോഗ്യതയുള്ള സ്റ്റാർട്ടപ്പുകൾക്ക് അപേക്ഷിക്കാം. ഫിൻടെക് സ്റ്റാർട്ടപ്പുകൾക്ക് ആഗോള സ്റ്റോക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യപ്പെടാനും സഹായം ലഭിക്കുന്നതാണ്. ഇതിനു പുറമെ ആഗോളതലത്തിലുള്ള ഫിൻടെക് ഇവൻറുകൾ, ഗ്ലോബൽ ഹാക്കത്തണുകൾ, വിജ്ഞാന പരിപാടികൾ എന്നിവയിൽ പങ്കെടുക്കാനുള്ള അവസരവും ലഭിക്കുന്നതാണ്.ഐഎഫ്എസ്സിഎയുടെ ആസ്ഥാനമായ ഗുജറാത്ത് ഗിഫ്റ്റ് സിറ്റിയിൽ നടക്കുന്ന സെമിനാറുകൾ, സമ്മേളനങ്ങൾ എന്നിവയിൽ പങ്കെടുക്കാനുള്ള അവസരവും കെഎസ്യുഎം സ്റ്റാർട്ടപ്പുകൾക്ക് ലഭിക്കും.കേരളത്തിലെ ഫിൻടെക് സ്റ്റാർട്ടപ്പുകൾക്ക് വലിയ അവസരമാണ് ധാരണാപത്രത്തിലൂടെ കൈവന്നിരിക്കുന്നതെന്ന് അനൂപ് അംബിക പറഞ്ഞു. ആഗോള ഫിൻടെക് രംഗത്തെ പുതിയ സാധ്യതകൾ, പ്രവണതകൾ, അനുഭവപരിചയം എന്നിവ മനസിലാക്കാൻ ഇതിലൂടെ സാധിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# സി.ആർ.ഇസഡ് അനുമതി: തീയതി നീട്ടി

**തിരുവനന്തപുരം:** 2011 തീരദേശ പരിപാലന വിജ്ഞാപനപകാരം കേരള തീരദേശ പരിപാലന അതോറിറ്റിയുടെ മുൻകൂർ അനുമതി കുടാതെ വിജ്ഞാപന പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് പൂർത്തീകരിച്ചതും, നിർമ്മാണം ആരംഭിച്ചതുമായ വാസഗൃഹങ്ങളുടെ സി.ആർ.ഇസഡ് അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ട തീയതി ഓഗസ്റ്റ് 31 വരെ നീട്ടിയതായി കേരള തീരദേശ പരിപാലന അതോറിറ്റി അറിയിച്ചു. അപേക്ഷകൾ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനം മുഖേന ജില്ലാ തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ നൽകണം.

# ഗസ്റ്റ് അധ്യാപകർ

**തിരുവനന്തപുരം:** ബാർട്ടൺ ഹിൽ ഗവ.എഞ്ചിനീയറിംഗ് കോളജിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ഗസ്റ്റ് അധ്യാപകരുടെ (അസിസ്റ്റന്റ് പ്രൊഫസറുടെ) ഒഴിവുകളുണ്ട്. മെക്കാനിക്കൽ എൻജിനീയറിംഗിൽ ബി.ഇ / ബി.ടെക് ബിരുദവും, എം.ഇ /എം.ടെക് ബിരുദവും, ഇവയിലേതെങ്കിലും ഒന്നിൽ ഒന്നാം ക്ലാസും ആണ് യോഗ്യത. അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുമായി ജൂലൈ 31നു രാവിലെ 10ന് കോളജിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 04712300484,

# പ്രവാസി വനിതകൾക്ക് പ്രത്യേക എൻആർ അക്കൗണ്ടുമായി ഫെഡറൽ ബാങ്ക്






**കൊച്ചി:** ഫിഫ വനിതാ ലോകകപ്പ് ഫുട്ബോൾ മത്സരത്തോടനുബന്ധിച്ച് പ്രവാസി ഇന്ത്യക്കാരായ വനിതകൾക്കു വേണ്ടി ഫെഡറൽ ബാങ്ക് പ്രത്യേക എൻആർ സേവിങ്സ് അക്കൗണ്ട് അവതരിപ്പിച്ചു. എൻആർഐ ഈവ് പ്ലസ് എന്ന പേരിലുള്ള ഈ അക്കൗണ്ട് പ്രവാസി വനിതകളുടെ സവിശേഷ സാമ്പത്തിക ആവശ്യങ്ങളും അവർക്കു മാത്രമായുള്ള ഇളവുകളും ഉൾപ്പെടുത്തി രൂപകൽപ്പന ചെയ്തതാണ്. അക്കൗണ്ടിന്റെ ആഗോള വെർച്വൽ ലോഞ്ചിങ് ബാങ്കിന്റെ എംഡിയും സിഇഒയുമായ ശ്യാം ശ്രീനിവാസൻ നിർവഹിച്ചു. അക്കൗണ്ടിനോടൊപ്പം നൽകുന്ന പ്രത്യേകമായി രൂപകൽപ്പന ചെയ്ത ഡെബിറ്റ് കാർഡ് മാതൃക ആദ്യ എൻആർഇ ഈവ് പ്ലസ് അക്കൗണ്ട് ഉടമയായ സുനി പോളിന് നൽകി ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ നിർവഹിച്ചു. അബുദബിയിൽ നിന്നുള്ള എസ്എഫ്സി ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ ബീന മുരളീധരൻ, ദുബായിലെ എലൈറ്റ് ഫൂഡ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ദനേശ രഘുലാൽ തണ്ടാശ്ശേരി, നികയ് ഗ്രൂപ്പ് ഓഫാ കമ്പനീസ് എംഡി ഡോ. ജീൻ ഷഹദാദ്പൂരി എന്നിവരും ആദ്യ അക്കൗണ്ട് ഉടമകളാണ്.എൻആർഇ ഈവ് പ്ലസ് അക്കൗണ്ടുള്ളവർക്ക് ഇന്റർനാഷനൽ, ഡൊമസ്റ്റിക് എയർപോർട്ട് ലോഞ്ച് പ്രവേശനം ലഭിക്കുന്നതാണ്. കൂടാതെ ഡെബിറ്റ് കാർഡിനൊപ്പം ബ്യൂട്ടി, ഹെൽത്ത് കെയർ, ഷോപ്പിങ്, ഡൈനിങ്, യാത്ര, വിനോദം തുടങ്ങി ഒട്ടേറെ ആവശ്യങ്ങൾക്ക് ഇളവുകളും ലഭിക്കുന്നു. 12 വയസ്സിനു താഴെ പ്രായമുള്ള രണ്ടു കുട്ടികളുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് തുറക്കാവുന്നതാണ്. മരണം, ആശുപത്രി ചെലവ്, കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, കാർഡ് പ്രൊട്ടക്ഷൻ തുടങ്ങിയ ഉൾപ്പെട്ട 78 ലക്ഷം രൂപ വരെയുള്ള സൗജന്യ ഇൻഷുറൻസ് പരിരക്ഷ ചേർന്ന മറ്റനവധി ആകർഷകമായ ആനുകൂല്യങ്ങളും അക്കൗണ്ടിനൊപ്പം പ്രവാസി വനിതകൾക്ക് ലഭിക്കുന്നതാണ്. കൂടാതെ ലോക്കർ റെന്റ്, കറൻസി വിനിമയം എന്നിവയിൽ ഇളവ്, വെൽക്കം ഗിഫ്റ്റായി 2000 റിവാർഡ് പോയിന്റ്, ബെർത്ത്ഡേ ഗിഫ്റ്റായി 1000 റിവാർഡ് പോയിന്റ് എന്നിവയും ലഭിക്കുന്നു. ഭവന, വാഹന വായ്പകൾക്ക് പ്രത്യേക നിരക്കിളവും ആസ്തി മാനേജ്മെന്റ് സഹായവും എൻആർഇ ഈവ് പ്ലസ് അക്കൗണ്ടുടമകൾക്ക് ഒരുക്കിയിട്ടുണ്ട്. പ്രവാസി ഇടപാടുകാർക്ക് മികച്ച സേവനം നൽകുന്നതിൽ ഫെഡറൽ ബാങ്ക് എന്നും മുന്നിലാണ്. പ്രവാസി വനിതാ സമൂഹത്തിന്റെ സാമ്പത്തിക ക്ഷേമത്തിനുതകുന്ന ഒട്ടേറെ ആനുകൂല്യങ്ങളും ഇളവുകളും ഉൾക്കൊള്ളിച്ചുകൊണ്ട് ആകർഷകമായാണ് പുതിയ അക്കൗണ്ട് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ശാലിനി വാര്യർ പറഞ്ഞു.

